പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

**ആനുകാലിക റിപ്പോർട്ട്**

(2015 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2015 ...ജൂൺ...30.-ാം തീയതി സമർപ്പിച്ചത്

(Presented on ...30th.....June....., 2015)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം
# (EDUCATION)

**ആനുകാലിക റിപ്പോർട്ട്**

(2015 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2015)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

424/2015.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 13 |

# സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)
## (2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

| | |
|---|---|
| ശ്രീ. എം. എ. ബേബി, | എം. എൽ. എ. |
| ശ്രീ. ഇ. ചന്ദ്രശേഖരൻ, | ” |
| ഡോ. എൻ. ജയരാജ്, | ” |
| ഡോ. കെ. ടി. ജലീൽ, | ” |
| ശ്രീ. ജോസഫ് വാഴയ്ക്കൻ, | ” |
| ശ്രീ. റ്റി. വി. രാജേഷ്, | ” |
| ശ്രീ. ഷാഫി പറമ്പിൽ, | ” |
| ശ്രീ. എം. ഉമ്മർ, | ” |
| ശ്രീ. പി. സി. വിഷ്ണുനാഥ്, | ” |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. സന്തോഷ് , വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2013-16 കാലയളവിലെ സമിതി 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ ഒരു യോഗം ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണനയ്ക്കായും, 3 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കായും ഒരു യോഗം കേരള പുരാവസ്തു വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി പരിഗണനയ്ക്കായും ഒരു യോഗം നിയമസഭാ ചട്ടം 235(എ) പ്രകാരവും ആയിരുന്നു. യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 63.6 ശതമാനമായിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15), 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള സമിതിയുടെ പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് (2013-14) റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2013-14 സാമ്പത്തികവർഷം പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നാം അദ്ധ്യായമായും ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും ചട്ടം 236(6) പ്രകാരമുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകളും ചട്ടം 236(6) പ്രകാരമുള്ള സമയപരിധി കഴിഞ്ഞ് ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളും രണ്ടാം അദ്ധ്യായമായും സമിതി പരിശോധിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, ചട്ടം 235(എ) പ്രകാരമുള്ള യോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായമായും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2015 മേയ് 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2015 മേയ് 14.

# റിപ്പോർട്ട്

## അദ്ധ്യായം I

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XVII-ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 9-6-2014-ന് സഭയിൽ സമർപ്പിച്ചു. 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള സമിതിയുടെ പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് 12-6-2014-ലെ സമിതിയോഗം അംഗീകരിക്കുകയും 30-6-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ (2013-14) ശിപാർശകളിന്മേൽ 1-7-2014 വരെ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിയ ആക്ഷൻ ടേക്കൺ റിപ്പോർട്ട് 1-7-2014-ലെ സമിതി യോഗം അംഗീകരിക്കുകയും 7-7-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2013-14 സാമ്പത്തിക വർഷത്തെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികളുടെ അവലോകനം എന്ന വിഷയം നിയമസഭാചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് 4-12-2014-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും 8-12-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

**(എ) ചട്ടം 236 (5) പ്രകാരം 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 7-7-2014-ന് സഭയിൽ സമർപ്പിച്ചശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ**

### ശിപാർശ

2203-00-105-99—ഗവൺമെന്റ് പോളിടെക്നിക്കുകൾ

സംസ്ഥാനത്തെ 43 സർക്കാർ പോളിടെക്നിക്കുകളിൽ പലതും കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ അറ്റകുറ്റപ്പണികൾ, റീവയറിംഗ് എന്നിവ നടത്തുന്നതിനും ജനറൽ പോളിടെക്നിക് വിഭാഗത്തിൽ വരുന്ന 27 പോളിടെക്നിക്കുകളിൽ മെഷിനറികൾ, ഉപകരണങ്ങൾ, ഫർണിച്ചറുകൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 80 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം സംസ്ഥാനത്തെ 43 സർക്കാർ പോളിടെക്നിക്കുകളിൽ അറ്റകുറ്റപ്പണികൾ, റീവയറിംഗ് എന്നിവ നടത്തുന്നതിനും മെഷിനറികൾ, ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും ധനപുനഃക്രമീകരണം മുഖേന 2203-00-105-99 എന്ന ശീർഷകത്തിൽ 15,23,000 രൂപയും 2203-00-105-98 എന്ന ശീർഷകത്തിൽ 5,00,000 രൂപയും സർക്കാർ കൂടുതലായി അനുവദിച്ചു. ടി സാമ്പത്തിക വർഷം ഇതിൽ കൂടുതൽ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 24094/എൽ1/13/ഉ.വി.വ. തീയതി 22-7-2014)

ശിപാർശ

2203-00-112-60—ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി.)

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിട നിർമ്മാണം, പർച്ചെയ്സ്, ആവർത്തന ചെലവുകൾ, പാക്കയിൽ ഐ.എച്ച്.ആർ.ഡി.ക്കായി അനുവദിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണം എന്നീ ചെലവുകൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 709 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 709 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ സാധിക്കാത്തതിനാൽ ശിപാർശ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 24093/ജെ3/13/ഉ.വി.വ. തീയതി 4-7-2014)

ശിപാർശ

2202-04-001-93—തുടർ വിദ്യാഭ്യാസ കേന്ദ്രം

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിക്കായി ബഹുനില കെട്ടിട നിർമ്മാണം, പാലക്കാട് സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉപകേന്ദ്രം ആരംഭിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, സിവിൽ സർവ്വീസ് പ്രിലിമിനറി പാസാകുന്ന കേരളീയരായ വിദ്യാർത്ഥികൾക്ക് മെയിൻ പരീക്ഷയ്ക്കും ഇന്റർവ്യൂവിനും സൗജന്യ പരിശീലനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുടെ പ്രവർത്തന വിപുലീകരണം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഫാഷൻ ടെക്നോളജി കേരളയുടെ മൂന്നാംഘട്ട കെട്ടിടനിർമ്മാണം, തൊഴിൽ സാധ്യത വിപുലീകരണ പദ്ധതിപ്രകാരം സബ്സെന്ററുകളിൽ നൈപുണ്യ വികസന സെന്ററുകൾ ആരംഭിക്കുക, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് പ്രാരംഭ പ്രവർത്തനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ ഗൈഡൻസ് ആന്റ് റിസർച്ച് സെന്റർ, പൊന്നാനി കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 202.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം കൂടുതൽ തുക അനുവദിക്കാൻ സാധിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 24094/എൽ1/13/ഉ.വി.വ. തീയതി 22-7-2014)

<u>ശിപാർശ</u>

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാ ചെലവുകൾ, വാടക, വൈദ്യുതി, അറ്റകുറ്റപ്പണികൾ തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല ആയതിനാൽ 2201-04-001-93 സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (നോൺ പ്ലാൻ) എന്ന ഹെഡ് പുനഃസ്ഥാപിച്ച് 101.8 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരം കൂടുതൽ തുക അനുവദിക്കാൻ സാധിച്ചില്ല

(സർക്കാർ കത്ത് നമ്പർ 24094/എൽ1/13/ഉ.വി.വ. തീയതി 22-7-2014)

<u>ശിപാർശ</u>

2203-00-112-58— <u>എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി</u>

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിന് 225 ലക്ഷം രൂപ അപര്യാപ്തമാണെന്നും 2005-06 വർഷം മുതൽ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവൺമെന്റ് ക്വാട്ടയിൽ വരുന്ന എഞ്ചിനീയറിംഗ് സീറ്റുകളിൽ സർക്കാർ നിർദ്ദേശിച്ച ഫീസ് മാത്രമേ വാങ്ങാവൂ എന്ന നിബന്ധന എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള വരുമാനത്തെ ഗണ്യമായി ബാധിക്കുകയും ചെയ്തിട്ടുണ്ടെന്നതും കണക്കിലെടുത്ത് 2013-14-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിൻപ്രകാരം ആറാമത് സബ്ജക്ട് കമ്മിറ്റി 41-ാം ഖണ്ഡിക പ്രകാരം എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകൾക്കായി 225 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. എങ്കിലും ധനം ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 24093/ജെ3/13/ഉ.വി.വ. തീയതി 4-7-2014)

ശിപാർശ

2203-00-800-73—വൈകല്യപഠനത്തിൽ മികവിന്റെ കേന്ദ്രങ്ങൾ

എൽ.ബി.എസ്. സെന്ററിന്റെ 2013-14-ലെ പദ്ധതികളായ വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള പുനരധിവാസവും അവർക്ക് പരിശീലനം നൽകുന്ന ബിരുദാനന്തരബിരുദ ഡിപ്ലോമ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കുമുള്ള ഗവേഷണ സഹായങ്ങൾ, സേവന വിപുലീകരണ പരിപാടികൾ, വൈകല്യമുള്ളവരുടെ കഴിവ് വികസനത്തിനുതകുന്ന പരിപാടികൾ, കോൺഫറൻസുകളും സെമിനാറുകളും, കൗൺസിലിംഗ് സേവനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പൂജപ്പുരയിലെ സെന്റർ ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസിലെ സ്റ്റാൾ സർവ്വീസ്, പേരന്റ് നെറ്റ്വർക്ക് പ്രോജക്ട്, ഫൈൻ ആർട്സ് പ്രോഗ്രാം, ഹോർട്ടികൾച്ചർ തെറാപ്പി പ്രോജക്ട്, വിദ്യാർത്ഥികൾക്ക് അന്തർവിഷയ സംബന്ധമായ പരിശീലനം, അടിസ്ഥാന സൗകര്യ വികസനം, പലവിധമായ പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 77 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

സെന്റർ ഫോർ എക്സലൻസ് ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസിന്റെ വികസനത്തിന് 100 ലക്ഷം രൂപ. അപര്യാപ്തമാണെന്നത് കണക്കിലെടുത്ത് 2013-14-ലെ ധനാഭ്യർത്ഥന കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിൻപ്രകാരം ആറാമത്

സബ്ജക്ട് കമ്മിറ്റി 42-ാം ഖണ്ഡിക പ്രകാരം സെന്റർ ഫോർ എക്സലൻസ് ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസിന് 77 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. എന്നാൽ തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 24093/ജെ3/13/ഉ.വി.വ. തീയതി 4-7-2014)

ശിപാർശ

4202-02-104-99—പോളിടെക്നിക്കുകൾ കെട്ടിടങ്ങൾ

പോളിടെക്നിക്കുകളിലെ കെട്ടിടനിർമ്മാണത്തിനായി അനുവദിച്ച പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 2500 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 1475.43 ലക്ഷം രൂപ വിനിയോഗിച്ചു.

(സർക്കാർ കത്ത് നമ്പർ 24094/എൽ1/13/ഉ.വി.വ. തീയതി 22-7-2014)

ശിപാർശ

4202-02-104-96—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)

വെച്ചൂച്ചിറ, കടത്തുരുത്തി പോളിടെക്നിക്കുകളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനും മറ്റു പല പോളിടെക്നിക്കുകളുടെയും വികസന ജോലികൾ ഏറ്റെടുക്കുന്നതിനും ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 464.45 ലക്ഷം രൂപ ചെലവാകുകയും ടി തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 24094/എൽ1/13/ഉ.വി.വ. തീയതി 22-7-2014)

<u>ശിപാർശ</u>

3425-60-200-71—<u>സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി ധനസഹായം</u>

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള എല്ലാ ഗവേഷണ സ്ഥാപനങ്ങളും നോൺ പ്ലാൻ ഇനത്തിൽ വർഷങ്ങളായുള്ള അപര്യാപ്തമായ വിഹിതം കാരണം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലും കേന്ദ്രസർക്കാരിന്റെ ശമ്പളഘടന അനുസരിച്ച് കൗൺസിലിലെ ശാസ്ത്രജ്ഞർക്ക് ശമ്പളം നൽകുന്നതിനാലും, 9-ാം സംസ്ഥാന ശമ്പളപരിഷ്കരണ കമ്മീഷൻ നടപ്പിലാക്കിയതിൽ കുടിശ്ശിക നൽകാനുള്ളതിനാലും നടപ്പു സാമ്പത്തിക വർഷത്തിൽ 4246.35 ലക്ഷം രൂപയുടെ അധികബാധ്യത വരുന്നതിനാൽ ഈ ശീർഷകത്തിൽ 4246.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തിക വർഷത്തിൽ 4246.35 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും 3921.42 ലക്ഷം രൂപയാണ് ഈ ഇനത്തിൽ ലഭിച്ചത്. 2013-14 സാമ്പത്തിക വർഷം അവസാനിച്ചതു കൊണ്ടും കേന്ദ്ര ഗവൺമെന്റിൽ നിന്നും മാൻപവ്വർ ഇനത്തിൽ 58.60 ലക്ഷം രൂപ ലഭിച്ചതുകൊണ്ടും ബാക്കി തുക ആവശ്യമായി വരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 1466/എ 4/13/ശാ.സാ.വ. തീയതി 1-7-2014)

<u>ശിപാർശ</u>

3425-60-200-60—<u>ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, പാമ്പാടി</u>

ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2013-14 വർഷത്തെ പ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപ ആവശ്യമാണെങ്കിലും ബഡ്ജറ്റിൽ 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി</u>

ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് 2013-14-ൽ പ്രാരംഭ ഘട്ടത്തിലായതിനാലും സ്ഥിരമായ നിയമനങ്ങളൊന്നും തന്നെ സൃഷ്ടിക്കാതിരുന്നതിനാലും പദ്ധതിയേതരയിനത്തിൽ അധികമായി ഒന്നുംതന്നെ ആവശ്യപ്പെടേണ്ടതായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 1466/എ 4/13/ശാ.സാ.വ. തീയതി 1-7-2014)

ശിപാർശ

2205-00-102-87—നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം

സാംസ്കാരിക ഡയറക്ടറേറ്റ് മുഖേന നൽകിവരുന്ന കലാകാര പെൻഷൻ, നിർദ്ധനരായ കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം, പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കുള്ള ആശ്രിത ധനസഹായം, ജവഹർ ബാലഭവനുകൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്, പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 106.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

2205-00-102-87—നോൺ പ്ലാൻ ശീർഷകത്തിൽ കലാകാര പെൻഷൻ, നിർദ്ധനരായ കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായത്തിനായി 29 ലക്ഷം രൂപയും പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കുള്ള ആശ്രിത ധനസഹായം എന്നിവയ്ക്കായി 5,76,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. 2012-13 ബഡ്ജറ്റിൽ ജവഹർ ബാലഭവന്റെ ശീർഷകം 2205-00-102-87 അല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 2205-00-101-96-36 NP എന്ന ശീർഷകത്തിൽ 38.50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള 1.25 കോടി രൂപ 2205-00-102-98 പദ്ധതിയിനം ശീർഷകത്തിലാണ് വകയിരുത്തിയിട്ടുള്ളത്. അധികമായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 5519/സി3/2013/സാം.കാ.വ. തീയതി 27-6-2014)

ശിപാർശ

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി ധനസഹായം

വായനാശീലം വളർത്തിയെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പദ്ധതികളായ പുതിയ

ബ്രാഞ്ചുകൾ ആരംഭിക്കുക, സഞ്ചരിക്കുന്ന രണ്ട് പുസ്തകശാലാ വാഹനങ്ങൾ വാങ്ങുക, കേന്ദ്ര ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 88 ലക്ഷം രൂപയും പദ്ധതിയേതര ചെലവുകൾക്കായി 67.92 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

## സ്വീകരിച്ച നടപടി

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 2202-05-102-92-(P) എന്ന ശീർഷകത്തിൽ 45 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ സ്ഥാപനങ്ങൾക്ക് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ അധിക ധനസഹായം നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ, സപ്ലിമെന്ററി ഗ്രാന്റ്/ റീ അപ്രോപ്രിയേഷൻ എന്നിവ വഴി അനുവദിക്കാൻ ശ്രമിച്ചു എങ്കിലും സർക്കാരിന്റെ മുൻ വർഷത്തെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അനുവദിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 6002/സി1/13/സാം.കാ.വ. തീയതി 12-8-2014)

## ശിപാർശ

2205-00-102-99—നിർദ്ധനരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ധനസഹായം (ഇന്ത്യാ ഗവൺമെന്റ് ധനസഹായ പദ്ധതി)

കേന്ദ്ര-സംസ്ഥാന കലാകാര പെൻഷൻ നൽകുന്നതിനുവേണ്ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഈ വർഷം നൽകുന്നതിനാൽ ഈ വർഷം തുക വകയിരുത്തേണ്ടത് ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

## സ്വീകരിച്ച നടപടി

കേന്ദ്ര-സംസ്ഥാന കലാകാര പെൻഷന് സംസ്ഥാന സർക്കാർ ശിപാർശ ചെയ്ത അപേക്ഷയിൽ നിന്നും പെൻഷന് അർഹതയുള്ളവരുടെ ലിസ്റ്റ് കേന്ദ്ര സാംസ്കാരിക വകുപ്പ് നൽകിയിട്ടില്ലാത്തതിനാൽ സംസ്ഥാന വിഹിതം ബജറ്റിൽ അനുവദിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 5519/സി3/2013/സാം.കാ.വ. തീയതി 27-6-2014)

## ശിപാർശ

2202-05-102-98—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് 2013-14 സാമ്പത്തിക വർഷം സർവ്വവിജ്ഞാനകോശം 16-ഉം 17-ഉം വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശം 9-ഉം 10-ഉം വാല്യങ്ങളും പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വാല്യങ്ങളുടെ അച്ചടിച്ചെലവ്, പേപ്പറിന്റെ വില, വിജ്ഞാനകോശ വാല്യങ്ങൾ തയ്യാറാക്കുന്നവർക്കും പരിശോധിക്കുന്നവർക്കുമുള്ള പ്രതിഫലം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് തുക കണ്ടെത്തേണ്ടത് പദ്ധതിയിനത്തിൽ അനുവദിക്കുന്ന ഗ്രാന്റിൽ നിന്നുമാണ്. ഈ സാഹചര്യത്തിൽ നടപ്പുവർഷം പദ്ധതിയിനത്തിൽ അനുവദിച്ച 120 ലക്ഷം രൂപയ്ക്ക് പുറമേ 46.40 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ, വാടക, വാഹന ഇന്ധനം തുടങ്ങിയ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കായി 500 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

## സ്വീകരിച്ച നടപടി

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന് 2013-14 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ, 2202-05-102-98-36(NP) എന്ന ശീർഷകത്തിൽ 1,77,50,000 രൂപയും പ്ലാൻ ഇനത്തിൽ 120 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ പ്ലാൻ ഇനത്തിലെ 120 ലക്ഷം രൂപയിൽ 80 ലക്ഷം രൂപ ചെലവഴിക്കുകയും 40 ലക്ഷം രൂപ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന് സറണ്ടർ ചെയ്തതിനാൽ പ്ലാൻ ഇനത്തിൽ അധിക തുക ആവശ്യമായി വന്നില്ല. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിന് നോൺ പ്ലാൻ ഇനത്തിൽ 75 ലക്ഷം രൂപ എസ്.ഡി.ജി. വഴി അധികമായി നൽകിയിട്ടുണ്ട്. ടി ഇൻസ്റ്റിറ്റ്യൂട്ടിന് നോൺ പ്ലാൻ ഇനത്തിൽ കൂടുതൽ ധനസഹായം അനുവദിക്കുവാൻ സർക്കാരിന്റെ മുൻവർഷത്തെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 6002/സി1/13/സാം.കാ.വ. തീയതി 12-8-2014)

## (ബി) ചട്ടം 236(5) പ്രകാരമുള്ള സമയ പരിധികഴിഞ്ഞ് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് (2013-14) റിപ്പോർട്ട്

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | സാംസ്കാരികകാര്യ വകുപ്പ് | 92, 96 | 6002/സി1/13/സാം.കാ.വ. തീയതി 12-8-2014 | 9-12-2014 |
| 2 | സാംസ്കാരികകാര്യ വകുപ്പ് | 85, 95 | 6361/സി3/14/സാം.കാ.വ. തീയതി 18-9-2014 | 9-12-2014 |
| 3 | ശാസ്ത്രസാങ്കേതിക വകുപ്പ് | 64, 65 | 3850/എ 4/2014/ശാ.സാ.വ. തീയതി 12-11-2014 | 9-12-2014 |
| 4 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 23, 39, 40, 60, 61 | 28280/എൽ1/13/ഉ.വി.വ. തീയതി 30-8-2014 | 9-12-2014 |
| | | 38, 41, 42 | 26659/ജെ3/14/ഉ.വി.വ. തീയതി 1-12-2014 | 9-12-2014 |

## (സി) ചട്ടം 236(6) പ്രകാരം ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

| ക്രമ നമ്പർ | വകുപ്പ് | സാമ്പത്തിക വർഷം | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | ശാസ്ത്രസാങ്കേതിക വകുപ്പ് | 2013-14 | 1523/എ 4/14/സാം.കാ.വ. തീയതി 7-7-2014 | 3-12-2014 |
| 2 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് | 2013-14 | 5009/ഇ 1/14/പ്ലാനിംഗ് തീയതി 16-7-2014 | 3-12-2014 |

(ഡി) **ചട്ടം 236(6) പ്രകാരമുള്ള സമയപരിധിക്കശേഷം ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| ക്രമ നമ്പർ | വകുപ്പ് | സാമ്പത്തിക വർഷം | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | കായിക യുവജനകാര്യ വകുപ്പ് | 2012-13 | 210/എ 1/13/കാ.യു.വ. തീയതി 13-3-2014 | 7-7-2014 |
| | യുവജന ക്ഷേമബോർഡ് | 2012-13 | 651/ബി2/13/കാ.യു.വ. തീയതി 10-11-2014 | 3-12-2014 |
| 2 | പൊതുവിദ്യാഭ്യാസ വകുപ്പ് | 2012-13 | 42501/പി2/13/പൊ.വി. തീയതി 4-3-2014 | 3-12-2014 |
| | | 2013-14 | 17706/പി2/14/പൊ.വി. തീയതി 31-7-2014 | |
| 3 | സാംസ്കാരികകാര്യ വകുപ്പ് | 2012-13 | 425/ബി3/13/സാം.കാ.വ. തീയതി 27-11-2013 | 21-1-2014 |
| | മലയാളം മിഷൻ | 2012-13 | 425/ബി3/13/സാം.കാ.വ. തീയതി 22-5-2014 | 7-7-2014 |

## അദ്ധ്യായം III

(എ) **ബില്ലുകളുടെ പരിശോധന**

1. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ 1-7-2014-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 7-7-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ 7-7-2014-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 11-7-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 4-12-2014-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 8-12-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**(ബി) ചട്ടങ്ങളുടെ പരിശോധന**

1. 1-7-2014-ലെ യോഗത്തിൽ സമിതി 'ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014' കരട് ചട്ടം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2. 29-10-2014-ലെ യോഗത്തിൽ സമിതി 'ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014' കരട് ചട്ടം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**(സി) ചട്ടം 235 എ പ്രകാരം ചേർന്ന യോഗം**

29-10-2014-ലെ യോഗം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം എന്ന വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2015 മേയ് 14.

## അനുബന്ധം

## 2014 ജൂൺ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2014 ജൂൺ 12-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം 4.50-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായി ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, "
3. ശ്രീ. ജോസഫ് വാഴയ്ക്കൻ, "
4. ശ്രീ. റ്റി. വി. രാജേഷ്, "
5. ശ്രീ. എം. ഉമ്മർ, "
6. ശ്രീ. പി. സി. വിഷ്ണുനാഥ്, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ആർ. കിഷോർ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ഷബാന അഞ്ചും, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.
2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി (ഇൻ ചാർജ്), പൊതു വിദ്യാഭ്യാസ വകുപ്പ്.
3. ശ്രീ. വി. കെ. ബാലകൃഷ്ണൻ, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.
4. ശ്രീ. ബി. ശ്രീകുമാരൻ നായർ, അഡീഷണൽ സെക്രട്ടറി, സ്പോർട്സും യുവജനകാര്യവും വകുപ്പ്.

5. ശ്രീമതി പാറന കുമാരി, ബി. എസ്., അഡീഷണൽ സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

6. ശ്രീ. എം. ഷെരീഫ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

7. ശ്രീമതി പത്മിനി തോമസ്, പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ.

8. ശ്രീ. ബിനു ജോർജ് വർഗീസ്, സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ.

9. ഡോ. ജെ. ലത, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ.

10. ശ്രീ. സയീദ് റഷീദ്, ഡയറക്ടർ, എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി.

സമിതി, 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, പെൻഡിംഗ് ഫയലുകൾ, 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ പരിഗണിച്ചു.

**I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)-ലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

ഖണ്ഡിക 1, 2, 4 മുതൽ 18 വരെ (പൊതു വിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 42475/പി2/13/ പൊ.വി.വ. തീയതി 10-6-2014)

ഖണ്ഡിക 3 (പൊതു വിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 42656/ആർ2/13/ പൊ.വി.വ. തീയതി 24-2-2014)

ഖണ്ഡിക 19 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 10748/ഇ 1/13/പ്ലാനിംഗ് തീയതി 10-2-2014)

ഖണ്ഡിക 36, 37 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 24601/കെ3/13/ഉ.വി.വ. തീയതി 1-11-2013)

ഖണ്ഡിക 35, 43 (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 24096/കെ2/13/ഉ.വി.വ. തീയതി 17-5-2014)

ധണ്ഡിക 45 മുതൽ 54 വരെ (ഉന്നത വിദ്യാഭ്യാസ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 24097/ബി1/13/ഉ.വി.വ. തീയതി 10-12-2013)

ധണ്ഡിക 66, 67 (കായിക യുവജനകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 2620/എ 1/കാ.യു.വ. തീയതി 16-5-2014)

ധണ്ഡിക 68 (കായിക യുവജനകാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 387/ബി2/14/കാ.യു.വ. തീയതി 10-3-2014)

ധണ്ഡിക 70, 71, 74, 81, 90, 93, 94 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 5504/എ 2/13/സി.എ.ഡി. തീയതി 15-1-2014)

ധണ്ഡിക 69, 77, 79, 80, 89, 91, 97 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 5496/എ 1/13/സി.എ.ഡി. തീയതി 20-3-2014)

ധണ്ഡിക 72 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 5498/ബി2/13/സാം.കാ.വ. തീയതി 18-12-2013)

ധണ്ഡിക 73 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 6833/സി2/13/സാം.കാ.വ. തീയതി 12-11-2013)

ധണ്ഡിക 75, 88 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 5113/എ 3/13/സി.എ.ഡി. തീയതി 7-2-2014)

ധണ്ഡിക 76 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 6089/ബി3/13/കാ.യു.വ. തീയതി 14-5-2014)

ധണ്ഡിക 78 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 6914/സി1/13/സാം.കാ.വ. തീയതി 18-12-2013)

ധണ്ഡിക 82 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 6090/ബി1/13/സാം.കാ.വ. തീയതി 25-3-2014)

ധണ്ഡിക 83 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 5992/സി2/13/ സാം.കാ.വ. തീയതി 13-3-2014)

ഖണ്ഡിക 84 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 6130/ബി1/13/സാം.കാ.വ. തീയതി 16-5-2014)

ഖണ്ഡിക 86 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 7021/ബി2/13/സാം.കാ.വ. തീയതി 15-1-2014)

ഖണ്ഡിക 87 (സാംസ്കാരിക കാര്യ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 6132/ബി2/13/സാം.കാ.വ. തീയതി 10-12-2013)

ഖണ്ഡിക 63 (തൊഴിലും പുനരധിവാസവും വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 16906/സി4/13/തൊഴിൽ തീയതി 28-4-2014)

പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കവേ 111 ബദൽ സ്കൂളുകൾ എൽ.പി. സ്കൂൾ ആക്കുവാൻ തീരുമാനിച്ചെങ്കിലും തുടർ നടപടികൾ സ്വീകരിക്കാത്തതെന്താണെന്ന് സമിതി അംഗം ആരാഞ്ഞതിന് ഇവിടുത്തെ അദ്ധ്യാപകർക്ക് ശമ്പളം വളരെ കുറവാണെന്നും ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കണമെന്നും കെട്ടിടം ലഭ്യമായ സ്ഥലങ്ങളിൽ ഈ അദ്ധ്യയനവർഷം തന്നെ എൽ.പി. സ്കൂളുകൾ ആരംഭിക്കുമെന്നും ചെയർമാൻ മറുപടി നൽകി. ആർ.എം.എസ്.എ. സ്കൂളുകളിലെ അഞ്ച് അദ്ധ്യാപകർക്കുള്ള ശമ്പളം മാത്രമേ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാകൂ എന്നും അവിടെ കെ.ഇ.ആർ. പ്രകാരം ഭാഷാ അദ്ധ്യാപകർ ഉൾപ്പെടെയുള്ള അദ്ധ്യാപകരെ ഡിപ്ലോയ് ചെയ്യാമെന്നും ഇപ്പോൾ തല്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണ് അദ്ധ്യാപകരെ ഡിപ്ലോയ് ചെയ്യിരിക്കുന്നതെന്നും ആർ.എം.എസ്.എ. സ്കൂളിലേക്ക് ഡിപ്ലോയ് ചെയ്യിരിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം കിട്ടാതെയുണ്ടെങ്കിൽ അക്കാര്യം ഡി.പി.ഐ.-യെ അറിയിക്കുവാനും പെട്ടെന്നുതന്നെ നടപടി സ്വീകരിക്കണമെന്നും പറഞ്ഞിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു.

എസ്.എസ്.എ.യുടെ ഭാഗമായി വൈകല്യമുള്ള കുട്ടികൾക്ക് സ്കൂളുകളിൽ ഫിസിയോതെറാപ്പി നടത്തുന്ന പദ്ധതി നിർത്തലാക്കിയതെന്തുകൊണ്ടാണെന്ന് ആരാഞ്ഞ സമിതി അതൊരു തുടർ പ്രവർത്തനമാണെന്നും വൈകല്യമുള്ള കുട്ടികൾക്ക് ഇത് വളരെ ഫലപ്രദമായിരുന്നു എന്നതിനാൽ ഇത് പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും അഭിപ്രായപ്പെട്ടു. ഈ പദ്ധതി ആരംഭിക്കുന്നുണ്ടെന്നും ജൂലൈയിൽ ഇതു സംബന്ധിച്ച് ഒരു അഡീഷണൽ ആന്വൽ പ്രൊപ്പോസൽ കൊടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്കീമിൽ നിന്നും ഈ പദ്ധതി ഒഴിവാക്കിയിരുന്നു എന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി-ഇൻ-ചാർജ് തുടർന്നറിയിച്ചു.

എസ്.എസ്.എ.-യിലെ ടീച്ചേഴ്സിന് പതിനായിരം രൂപ വീതമാണ് ശമ്പളം കൊടുക്കുന്നതെന്നും അത് ഓരോ വർഷവും പുതുക്കി നൽകുകയാണ് ചെയ്യുന്നതെന്നും എന്നാൽ ഈ വർഷം രണ്ടുമാസത്തെ ഇടവേളയിലാണ് അംഗീകരിച്ചതെന്നും സമിതി അംഗം അഭിപ്രായപ്പെട്ടപ്പോൾ വർക്ക് പ്ലാൻ അംഗീകരിച്ച് മിനിറ്റ്സ് ലഭിച്ചാൽ മാത്രമേ അതുപ്രകാരമുള്ള സാങ്ഷൻ ഓർഡർ കൊടുക്കുവാൻ കഴിയുകയുള്ളുവെന്നും രണ്ടാഴ്ചമുമ്പാണ് മിനിറ്റ്സ് കിട്ടിയതെന്നും അതിന് പ്രോസ്പെക്ടീവായി കൊടുക്കുവാൻ സാധിക്കുമെന്നും അവരുടെ ആവശ്യം 12 മാസവും കിട്ടണമെന്നുള്ളതാണെന്നും അത് പരിശോധിക്കേണ്ട കാര്യമാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു.

**II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)-ലെ മറുപടി ലഭിക്കാത്ത ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട 20-34, 38-42, 44, 55-62 എന്നീ ഖണ്ഡികകളിലെയും ശാസ്ത്ര സാങ്കേതിക വകുപ്പുമായി ബന്ധപ്പെട്ട 64, 65 എന്നീ ഖണ്ഡികകളിലെയും സാംസ്കാരിക കാര്യ വകുപ്പുമായി ബന്ധപ്പെട്ട 85, 92, 95, 96 എന്നീ ഖണ്ഡികകളിലെയും ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.**

**III. സമിതിയുടെ ശ്രദ്ധയിൽപ്പെട്ടുത്തിയ താഴെപ്പറയുന്ന ഫയലുകളിന്മേൽ സമിതി താഴെപ്പറയും പ്രകാരം ചർച്ച നടത്തി:**

1. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസിന്റെ കരട് അംഗീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 18616/സബ്.സി.ഇ 1/08/ലെജി.)

(സർക്കാർ കത്ത് നമ്പർ 6000/സി1/03/സി.എ.ഡി. തീയതി 29-10-2008).

സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസ് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞപ്പോൾ പി.എസ്.സി. അംഗീകരിച്ച റിക്രൂട്ട്മെന്റ് റൂൾസിൽ ഉൾപ്പെടാത്ത തസ്തികകളെല്ലാം ഒഴിവാക്കി സ്പെഷ്യൽ റൂൾസ് ഇറക്കാൻ ധനകാര്യ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയതനുസരിച്ച് നാലെണ്ണം ഒഴിവാക്കി വീണ്ടും തയ്യാറാക്കി അതിൽ ലൈബ്രറി അസിസ്റ്റന്റിന്റെ ഒരു തസ്തിക അത്യാവശ്യമാണെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതുകൂടി ഉൾപ്പെടുത്തിയാണ് വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചതെന്നും ഫിനാൻസിന്റെ ഉത്തരവുപ്രകാരം തസ്തിക സൃഷ്ടിച്ചില്ലെന്ന പറഞ്ഞ് ഫയൽ തിരിച്ചുവന്നതിനാൽ ആ തസ്തികകൂടി ഒഴിവാക്കി സ്പെഷ്യൽ റൂൾസ് ധനകാര്യ വകുപ്പ് അംഗീകരിച്ചശേഷം സമിതിയിൽ സമർപ്പിക്കാമെന്നും സാംസ്കാരിക വകുപ്പ് സെക്രട്ടറി മറുപടി പറഞ്ഞു.

2. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ പ്രാദേശിക സെന്ററുകൾ ആരംഭിക്കുന്നതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 12607/സബ്.സി.ഇ 1/08/ലെജി.)

പ്രസ്തുത വിഷയം സംബന്ധിച്ച അന്തിമ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

3. 2012-ലെ സ്പോർട്സ് നയം സംബന്ധിച്ച്

(ഫയൽ നമ്പർ 1791/സബ്.സി.ഇ 1/12/ലെജി.)

2012-ലെ സ്പോർട്സ് നയത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തുവാൻ സമിതി നിർദ്ദേശിച്ചു.

(1) ഖണ്ഡിക 6.1-ലെ ആദ്യവരിയിലെ "In each district one government school..........." എന്നതിനുപകരം "In each district one Government/Aided school...........". എന്നാക്കുക.

(2) ഖണ്ഡിക 6.10-ലെ ആദ്യവരിയിലെ "Sports University, a State Institute of Sports" എന്നതിനു പകരം "Sports University, National Institute of Sports and Games (NISAG)............." എന്നാക്കുക.

(3) ഖണ്ഡിക 8.1-ലെ രണ്ടാമത്തെ വരിയിലെ "The Kerala Sports Council and the Directorate of Sports and Youth Affairs എന്നത് "The Kerala State Sports Council/Directorate of Sports and Youth Affairs" എന്നാക്കുക.

4. 2013-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്—കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തതു സംബന്ധിച്ച്

(ഫയൽ നമ്പർ 3030/സബ്.സി.ഇ 1/13/ലെജി.)

പ്രസ്തുത ആക്ട് നിലവിൽവന്ന് ഒരു വർഷം കഴിഞ്ഞിട്ടും കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ ഇതിന്റെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കുന്നതിനായി നിയമ വകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

**IV. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.**

(ഫയൽ നമ്പർ 1675/സബ്.സി.ഇ 1/14/നി.സെ.)

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 2014 ജൂലൈ 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2014 ജൂലൈ മാസം 1-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.20-ന് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. കെ. ടി. ജലീൽ, ,,
3. ഡോ. എൻ. ജയരാജ്, ,,
4. ശ്രീ. റ്റി. വി. രാജേഷ് , ,,
5. ശ്രീ. ഷാഫി പറമ്പിൽ, ,,
6. ശ്രീ. എം. ഉമ്മർ, ,,
7. ശ്രീ. പി. സി. വിഷ്ണുനാഥ്, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ആർ. കിഷോർ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. കെ. എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. ബി. എസ്. മാവോജി, കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻസ്.
4. ശ്രീ. എസ്. അജികുമാരൻ, സ്പെഷ്യൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
5. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ഡോ. ജെ. ലത, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ.

സമിതി താഴെപ്പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

The Kerala Education (Amendment) Rules, 2014

(ഫയൽ നമ്പർ 3298/സബ്.സി.ഇ 1/14/നി.സെ.)

(സർക്കാർ കത്ത് നമ്പർ 69198/ജെ.3/11/പൊ.വി.വ. തീയതി 24-5-2013)

*Clause 1*

For subclause (2), the following subclause shall be substituted :

"(2) They shall come into force at once".

*Clause 2*

For clause 2, the following clause shall be substituted :

"2. *Amendment of the Rules.*—In the Kerala Education Rules, 1959, in chapter XXIII, in sub rule (1) of rule 2A and the proviso thereto, the word 'Muslim,' wherever it occurs shall be omitted."

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ (2013-14) താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും വിശദമായ ചർച്ചയ്ക്കുശേഷം അംഗീകരിക്കുകയും ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2648/സബ്.സി.ഇ 1/13/നി.സെ.)
ഖണ്ഡിക 44, 55, 56, 57, 58

(സർക്കാർ കത്ത് നമ്പർ 18518/സി2/14/ഉ.വി.വ. തീയതി 11-6-2014)
ഖണ്ഡിക 31, 32, 33

(സർക്കാർ കത്ത് നമ്പർ 24092/എ 2/13/ഉ.വി.വ. തീയതി 12-6-2014)
ഖണ്ഡിക 26, 59

(സർക്കാർ കത്ത് നമ്പർ 24093/ജെ3/13/ഉ.വി.വ. തീയതി 11-6-2014)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ (2013-14) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

1. In the Preamble, for the words "the Sree Sankaracharya University Act" the words "the Sree Sankaracharya University of Sanskrit Act" shall be substituted.

2. In clause 1, subclause (2) the words, letters and brackets "clauses (b) and (c) of" shall be omitted.

സർവ്വശ്രീ റ്റി. വി. രാജേഷ്, ഇ. ചന്ദ്രശേഖരൻ, ഡോ. കെ. ടി. ജലീൽ എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

തുടർന്ന് സമിതി 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം ചർച്ച നടത്തുകയും ചെയ്തു:

ക്ലോസ് 2 (iii)-ലെ 4B-യിൽ "സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു" എന്നതിനു പകരം "സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ മേൽനോട്ടത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു" എന്നാക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു. യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾക്കു മാത്രമേ സ്വയംഭരണ പദവി നൽകുകയുള്ളൂവെന്നും അതിന്റെ പൂർണ്ണ നിയന്ത്രണം സർവ്വകലാശാലയ്ക്കായതിനാലാണ് ഓരോ ക്ലോസിലും പ്രത്യേകം പരാമർശിക്കാത്തതെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

അഞ്ച് വർഷങ്ങൾക്കുശേഷം സ്വയംഭരണം സംബന്ധിച്ച കാലാവധി തീരുമാനിക്കുന്നത് യു.ജി.സിയായതിനാൽ ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് സ്വയംഭരണ കോളേജുകളുടെമേൽ നിയന്ത്രണം വരുന്നില്ലെന്നും നിർവ്വചനം ചെയ്യുമ്പോൾ അതും കൂടി ഉണ്ടായിരിക്കുന്നത് നല്ലതായിരിക്കുമെന്നും ഇപ്പോൾ യൂണിവേഴ്സിറ്റിക്ക് റിപ്പോർട്ട് ചെയ്യാമെന്നല്ലാതെ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തെ സംബന്ധിച്ച് പരാമർശിക്കുന്നില്ലെന്നും സമിതി അംഗം ചൂണ്ടിക്കാട്ടി. ക്ലോസ് 69P-യിൽ യൂണിവേഴ്സിറ്റിയുടെ അധികാരങ്ങളെ സംബന്ധിച്ച് പറയുന്നുണ്ടെന്നും പ്രസ്തുത അദ്ധ്യായത്തിൽ ഉൾപ്പെടാത്ത ബാക്കി എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത് യൂണിവേഴ്സിറ്റി തന്നെ ആയിരിക്കുമെന്നത് അഫിലിയേഷന്റെ ഭാഗമായതിനാൽ യൂണിവേഴ്സിറ്റിക്ക് അഫിലിയേറ്റഡ് കോളേജുകളുടെമേലുള്ള എല്ലാ അധികാരങ്ങളും നിലനിർത്തുകയാണെന്നും സ്റ്റാറ്റ്യൂട്ട്സ്, റഗുലേഷൻസ്, ഓർഡിനൻസ് എല്ലാം തന്നെ യൂണിവേഴ്സിറ്റിയുടേതു തന്നെയാണെന്നും സെക്രട്ടറി വ്യക്തമാക്കി.

ക്ലോസ് 69P-യിലെ (13), (14) എന്നീ സബ്ക്ലോസുകളിൽ അവ്യക്തത തോന്നുന്നതിനാൽ 'ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ മേൽനോട്ടത്തിൽ' എന്നുകൂടി ചേർക്കണമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു. യൂണിവേഴ്സിറ്റികളുടെ നിലവാരം താഴുവാൻ ഇതൊരു കാരണമാകുമെന്ന വിമർശനം വന്നിട്ടുണ്ടെന്നും അങ്ങനെ വന്നാൽ യൂണിവേഴ്സിറ്റിക്ക് ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ അനുവാദമില്ലാതെ ഇടപെടാനുള്ള ഒരു പ്രൊവിഷനാണ് ഈ പ്രൊവൈസോയിൽ പറയുന്നതെന്നും അക്കാഡമിക് ഓട്ടോണമിക്ക് മാത്രമായി വ്യവസ്ഥ ചെയ്തുകൊണ്ട് പുതിയ അദ്ധ്യായം കൊണ്ടുവന്ന ഏക സംസ്ഥാനം കേരളമാണെന്നും എല്ലാ പ്രൊവിഷൻസും യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ നിലനിർത്തുകയും ചാൻസലറുടെ അധികാരങ്ങൾ നിലനിർത്തി ഓട്ടോണമി അപ്രൂവൽ കമ്മിറ്റിക്ക് സുഗമമായി പ്രവർത്തിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്തുകൊണ്ടുള്ള ബില്ലാണിതെന്നും സെക്രട്ടറി വ്യക്തമാക്കി.

യൂണിവേഴ്സിറ്റികളിൽ ഇല്ലാത്ത കോഴ്സുകൾ ഒരു ഓട്ടോണമസ് കോളേജിൽ പുതുതായി ആരംഭിച്ചാൽ അതു സംബന്ധിച്ച് യൂണിവേഴ്സിറ്റികൾക്കുപോലും വ്യക്തമായ മറുപടി പറയുവാൻ സാധിക്കുകയില്ല എന്നും അങ്ങനെവന്നാൽ നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ പരിധിക്ക് പുറത്തുനിൽക്കുന്ന ഒരു സമാന്തര യൂണിവേഴ്സിറ്റിയായി ഓട്ടോണമസ് കോളേജുകൾ മാറുവാനുള്ള സാധ്യതയുണ്ടാകുമെന്നും സമിതി അംഗം ചൂണ്ടിക്കാട്ടി. യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് സ്റ്റഡീസിലും അക്കാഡമിക് കൗൺസിലിലും വ്യവസായവുമായി ബന്ധപ്പെട്ട വിദഗ്ധരെ നിയമിച്ചിട്ടുണ്ടെന്ന് സമിതി നിരീക്ഷിച്ചു തുടർന്ന് നിലവിലുള്ള കോളേജുകളിൽ യൂണിവേഴ്സിറ്റി ചെയ്തുകൊണ്ടിരിക്കുന്നതിനപ്പുറം തെരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് സ്വന്തമായി കരിക്കുലവും സിലബസും വികസിപ്പിക്കുവാൻ വേണ്ടിയാണ് അക്കാഡമിക് ഓട്ടോണമി കൊടുക്കുന്നതെന്നും അക്കാഡമിക് ഓട്ടോണമിയുമായി ബന്ധപ്പെട്ട് ഒരു പുതിയ നിയമം വരുമ്പോൾ ആ റെഗുലേഷനുകളിൽ വരാൻ സർവ്വകലാശാലകൾ ബാദ്ധ്യസ്ഥരാണെന്നും സമിതി അദ്ധ്യക്ഷൻ അറിയിച്ചു.

69P(3)-ൽ ഗവേണിംഗ് കൗൺസിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ സർവ്വകലാശാല നേരത്തേ തീരുമാനിച്ചതുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ ഈ വിവരം യൂണിവേഴ്സിറ്റികൾ 30 ദിവസങ്ങൾക്കകം സ്വയംഭരണ കോളേജുകളെ അറിയിക്കണമെന്നും അല്ലാത്തപക്ഷം അവ അംഗീകരിച്ചതായി കണക്കാക്കപ്പെടുമെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളത് അപകടമാകുമോയെന്ന് സമിതി സംശയം പ്രകടിപ്പിച്ചു. അക്കാഡമിക് പ്രോഗ്രാമിനു മാത്രമേ അത് ബാധകമാകുവെന്നും മൂല്യനിർണ്ണയത്തിലെ അപാകതകൾക്ക് ബാധകമല്ലെന്നും സെക്രട്ടറി വിശദീകരിച്ചു

ഓട്ടോണമസ് കോളേജിൽ പുതിയൊരു ഫാക്കൽറ്റി വരുന്നതുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റിക്ക് അഭിപ്രായം പറയണമെന്നുണ്ടെങ്കിൽ യൂണിവേഴ്സിറ്റിയിൽ അത്

സംബന്ധിച്ച ഒരു ഡിപ്പാർട്ട്മെന്റോ ഫാക്കൽറ്റിയോ ഉണ്ടാവണമെന്നും അങ്ങനെയൊരു ഡിപ്പാർട്ട്മെന്റ് വേണമെങ്കിൽ യൂണിവേഴ്സിറ്റികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. നിലവിലുള്ള സാഹചര്യം അനുസരിച്ച് യൂണിവേഴ്സിറ്റികളിൽ അങ്ങനെയൊരു ഫാക്കൽറ്റി ഉണ്ടാകുമോയെന്ന് ആരായുകയും ഗവൺമെന്റ് കോളേജുകളിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ചെയ്യുന്ന കാര്യങ്ങൾ സ്വയംഭരണ കോളേജുകളിൽ ചെയ്യുന്നത് മാനേജരാണെന്നും സമിതി നിരീക്ഷിച്ചു.

യൂണിവേഴ്സിറ്റികളുടേതുപോലെ പുതിയ കോഴ്സുകൾ രൂപീകരിക്കുവാൻ ഓട്ടോണമസ് കോളേജുകൾക്കും അക്കാഡമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും ഉണ്ടായിരിക്കുമെന്നും അവിടെ തുടങ്ങാനുദ്ദേശിക്കുന്ന കോഴ്സുകളുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി അടങ്ങുന്ന ബോർഡാണ് ഇക്കാര്യങ്ങൾ തീരുമാനിക്കുന്നതെന്നും ഇതിന്റെ ബോർഡ് ഓഫ് സ്റ്റഡീസിലും അക്കാഡമിക് കൗൺസിലിലും ആരൊക്കെ വരണമെന്നുള്ളതിനെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടെന്നും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിദഗ്ദ്ധർക്കാണ് മുൻഗണന കൊടുക്കുന്നതെന്നും സമിതി വിലയിരുത്തി. ബോർഡ് ഓഫ് സ്റ്റഡീസിനെ സംബന്ധിച്ച് 69P-ൽ "Provided that where there is no Board of Studies with respect to the Academic programme proposed, the University shall constitute a Board of Studies or an Expert Committee for the purpose" എന്നു പറഞ്ഞിട്ടുണ്ടെന്ന് സെക്രട്ടറി വ്യക്തമാക്കി.

എയ്ഡഡ് കോളേജിലെ പ്രിൻസിപ്പാൾ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ആളായതിനാൽ ഈ ബില്ലിൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് "മാനേജർ" എന്നതിനു പകരം "പ്രിൻസിപ്പാൾ" എന്നാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

69E(d)-ൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യേണ്ട വിദഗ്ദ്ധരെ ഒരു പാനലിൽ നിന്ന് തെരഞ്ഞെടുത്താൽ മതിയാവില്ലേ എന്ന് സമിതി അംഗം ആരാഞ്ഞതിന് ഇതിൽ യൂണിവേഴ്സിറ്റിയും ഉന്നതവിദ്യാഭ്യാസ കൗൺസിലും നാമനിർദ്ദേശം ചെയ്യുന്നവരും ഉണ്ടെന്നും ഗവേണിംഗ് കൗൺസിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഏതെങ്കിലും മോശമാണെങ്കിൽ ഇവർക്ക് യൂണിവേഴ്സിറ്റിയുടെ അന്വേഷണത്തിനായി ഉത്തരവിടാവുന്നതാണെന്നും കോഴ്സ് സംബന്ധമായോ പരീക്ഷാ നടത്തിപ്പിലോ ഉള്ള അപാകതകൾ റിപ്പോർട്ട് ചെയ്യുവാനുള്ള അധികാരം ഇവർക്കുണ്ടെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

. ഈ വിഷയം സംബന്ധിച്ച് മാനേജരോ പ്രിൻസിപ്പലോ തിരഞ്ഞെടുക്കുന്ന ആറുപേരുടെ ഒരു പാനലിൽനിന്ന് മൂന്നു പേരെ തെരഞ്ഞെടുക്കുന്ന രീതിയിലേക്ക് മാറ്റം വരുത്തുന്നതാവും നല്ലതെന്നും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് കൗൺസിൽ തയ്യാറാക്കുന്ന പാനലിൽ നിന്നാകണം ഈ മൂന്നു പേരെ തെരഞ്ഞെടുക്കേണ്ടത് എന്നും സമിതി

അഭിപ്രായപ്പെട്ടപ്പോൾ ഇപ്രകാരം ചെയ്ത് അക്കാഡമിക് കൗൺസിൽ ചേരാൻ ആറ് മാസത്തെ താമസം വരുമെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു. ചുരുക്കം കോളേജുകൾക്കാണ് സ്വയംഭരണ പദവി നൽകുന്നത് എന്നതിനാലും തുടക്കത്തിൽ തന്നെ ഇതു സംബന്ധിച്ച ആശങ്കകൾ നിലനിൽക്കുന്നതിനാലും യൂണിവേഴ്സിറ്റി നിർദ്ദേശിക്കുന്ന പാനലിൽ നിന്നുള്ള വിദഗ്ധർ അവിടത്തെ മാനേജർ ആകുന്നതായിരിക്കും ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ഓട്ടോണമി അപ്രൂവൽ കമ്മിറ്റിക്ക് ഇതിനകത്ത് റൂളുകളും ബൈലാകളും ഉണ്ടാക്കുവാനുള്ള അധികാരം കൊടുത്തിട്ടുള്ളതിൽ "Four experts in the college, according to the norms to be created by the Government" എന്നോ, "Autonomy Approval Committee" എന്നോ ആക്കിയാൽ പ്രശ്നം വരില്ല എന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

69F(i)-ൽ പാഠ്യപദ്ധതി വിഷയത്തിൽ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ അംഗീകാരം വേണമെന്ന പറയുമ്പോഴും ഒരു എയ്ഡഡ് കോളേജിലെ മാനേജർ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചാൽ എങ്ങനെ ഇടപെടാൻ കഴിയുമെന്നും ഹ്യൂമാനിറ്റീസ്, ചരിത്രം, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ് തുടങ്ങിയ വിഷയങ്ങളിൽ ഇങ്ങനെ സംഭവിക്കാമെന്നും അങ്ങനെ വന്നാൽ എന്തു ചെയ്യാൻ കഴിയുമെന്നും സമിതി ആരാഞ്ഞതിന് ഇതിനായി Powers and functions of the Autonomy Approval Committee-ൽ ഈ പ്രൊവിഷൻ കൂടി ചേർക്കേണ്ടി വരുമെന്നും ഇപ്പോൾ യൂണിവേഴ്സിറ്റിയുടെ ഒരു വിദഗ്ധനെ വൈസ്-ചാൻസലർ അവരുടെ പാനലിൽ നിന്ന് തെരഞ്ഞെടുക്കുന്നുവെന്നേയുള്ളുവെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

69F-ൽ അക്കാഡമിക് കൗൺസിൽ ഒരു പ്രൊപ്പോസൽ മോഡിഫിക്കേഷന് കൊടുത്താൽ "..... with or without the proposed modifications, the Academic Council shall approve the proposal" എന്ന് പറഞ്ഞിരിക്കുന്നതിലെ ഔചിത്യമെന്താണെന്ന് സമിതി ആരാഞ്ഞതിന് കാലതാമസം ഒഴിവാക്കുന്നതിനാണെന്നും അക്കാഡമിക് പ്രോഗ്രാമുകൾ മാത്രമേ അക്കാഡമിക് കൗൺസിലിൽ വരുന്നുള്ളൂ എന്നും ചരിത്രം തെറ്റായി വ്യാഖ്യാനിക്കാതിരിക്കുന്നതിന് "Provided also that such proposal shall not be applicable where the Academic Council feels that this is not in consonance with national interest" എന്നൊരു പ്രൊവൈസോ കൂടി ചേർത്താൽ മതിയാകുമെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ഓട്ടോണമസ് കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സർക്കാർ കോളേജുകളിലേതുപോലെ സംവരണ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടായിരിക്കണമെന്ന് 69F(ii)-ൽ വ്യവസ്ഥ ചെയ്യേണ്ടതല്ലേ എന്ന് സമിതി ആരാഞ്ഞതിന് അതു സംബന്ധിച്ച് ഓട്ടോണമി അപ്രൂവൽ കമ്മിറ്റി നിർദ്ദേശം നൽകിയാൽ മതിയാകുമെന്ന് വകുപ്പ് സെക്രട്ടറി

മറുപടി നൽകി. അതിനുപകരം "സർക്കാർ, വിദ്യാർത്ഥി പ്രവേശനത്തിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക" എന്നാക്കുന്നതായിരിക്കും നല്ലതെന്ന് സമിതി അഭിപ്രായപ്പെട്ടു. "Subject to the criteria and conditions prescribed by the Autonomy Approval Committee" എന്നതിനു പകരം "Subject to the criteria and conditions prescribed by the Autonomy Approval Committee, in line with the criteria for Admission prescribed by the Government from time to time". എന്നാക്കാമെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

69G(3)-ൽ ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് വർഷമെന്ന് പറഞ്ഞിരിക്കുന്നത് "രണ്ട് അക്കാദമിക് വർഷമെന്ന് " വ്യക്തമാക്കേണ്ടതല്ലേയെന്ന് സമിതി അംഗം ആരാഞ്ഞത് "Two Academic Years" എന്ന് മാറ്റാമെന്ന് വകുപ്പ് സെക്രട്ടറി മറുപടി നൽകി.

69G(g)(ii)-ൽ കോളേജിലെ മറ്റദ്ധ്യാപകർ എന്നു പറഞ്ഞിരിക്കുന്നത് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപകർ എന്ന് വ്യക്തമാക്കുന്നതാകും ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ "Other teachers of the college who are experts in the relevant discipline" എന്നാക്കി മാറ്റാമെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഇതിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഏത് ബോർഡിലാണ് വരുന്നതെന്നും വിദ്യാർത്ഥി പ്രതിനിധിയെ ആരാണ് തെരഞ്ഞെടുക്കുന്നതെന്നും സമിതി ആരാഞ്ഞതിന് വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകാൻ കഴിയുന്നത് ഗവേണിംഗ് കൗൺസിലിലാണെന്നും പ്രിൻസിപ്പാളിന് അതിനുള്ള അധികാരം കൊടുക്കണമെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു

ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് പരാതിയുണ്ടെങ്കിൽ പരാതി കൊടുക്കുവാനുള്ള ഒരു സംവിധാനം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടതിന് മറുപടിയായി ഗവേണിംഗ് കൗൺസിലിന്റെ അധികാരത്തിൽ "The Governing Council shall have the power to constitute a Student Grievance Redressal Committee which shall look into the grievances of students" എന്നൊരു സംവിധാനം ഉണ്ടാക്കാമെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിന്മേലുള്ള ചർച്ച പൂർത്തിയാകാത്തതിനാൽ ബിൽ തുടർന്ന് പരിഗണിക്കുന്നതിനായി 7-7-2014 തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം യോഗം ചേരുവാൻ സമിതി തീരുമാനിച്ചു

യോഗം വൈകുന്നേരം 6.40-ന് പിരിഞ്ഞു.

424/2015.

## 2014 ജൂലൈ 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിന്റെ പരിഗണന പൂർത്തിയാക്കുന്നതിനായി 2014 ജൂലൈ 1-ാം തീയതിയിലെ യോഗത്തിന്റെ തുടർച്ചയായി 2014 ജൂലൈ 7-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ 'V ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. കെ. ടി. ജലീൽ, "
3. ഡോ. എൻ. ജയരാജ്, "
4. ശ്രീ. ജോസഫ് വാഴയ്ക്കൻ, "
5. ശ്രീ. റ്റി. വി. രാജേഷ്, "
6. ശ്രീ. ഷാഫി പറമ്പിൽ, "
7. ശ്രീ. എം. ഉമ്മർ, "
8. ശ്രീ. പി. സി. വിഷ്ണുനാഥ്, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. കിഷോർ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. കെ. എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. സി. പി. രാമരാജ പ്രേമ പ്രസാദ്, സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. എസ്. അജികുമാരൻ, സ്പെഷ്യൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
4. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

1-7-2014-ലെ യോഗത്തിന്റെ തുടർച്ചയായി 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും വിശദമായ ചർച്ചയ്ക്കുശേഷം ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ക്ലോസ് 69M(2)-ൽ 'unaided' എന്നു പറയേണ്ടതിന്റെ ആവശ്യമുണ്ടോ എന്നും "Government College and Government Aided Private College Other than Unaided Self Financing College" എന്നാക്കുന്നതാകും ഉചിതമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ "................ for granting of autonomy, which may be Government College and Private College other than Unaided College............." എന്നാക്കി മാറ്റാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അറിയിച്ചു

69I(4)(a)-ൽ "One nominee of the Manager" എന്നത് 'principal' എന്നാക്കി മാറ്റുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന് ഗവേണിംഗ് കൗൺസിലിന്റെ ചെയർമാനായിട്ടാണ് മാനേജരെ നിയമിച്ചിരിക്കുന്നതെന്നും നോമിനി ആയിട്ടല്ലെന്നും ഗവേണിംഗ് കൗൺസിൽ എന്നു പറയുമ്പോൾ ഒരു വിഭാഗത്തിന്റെ ചുമതല മുഴുവൻ അദ്ദേഹത്തെ ഏൽപ്പിക്കുകയാണെന്നും ആയതിനാൽ അതിന്റെ ചെയർമാനായി പ്രിൻസിപ്പാളിനെ നിയമിച്ചാൽ നിയമ പ്രശ്നങ്ങൾ ഉണ്ടാകുമെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകിയപ്പോൾ അക്കാഡമിക് കാര്യങ്ങളിൽ മാത്രം പ്രിൻസിപ്പാൾ എന്ന് മാറ്റിയാൽ മതിയെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

69N(4)(d)-ൽ രണ്ടാമത്തെ ഖണ്ഡികയിൽ മൂന്നാമത്തെ വരിയിൽ 'to the extent possible' എന്നീ വാക്കുകൾ ഒഴിവാക്കാവുന്നതല്ലേയെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടപ്പോൾ സെയിഫ് ഗാർഡ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ യൂണിവേഴ്സിറ്റി മാന്വലിൽ നിന്ന് ഉൾക്കൊള്ളണമെന്നുള്ള നിലയ്ക്കാണ് അത് വരുന്നതെന്നും ആ വാക്കുകൾക്കുപകരം *'mutatis mutandis'* എന്ന വാക്ക് ഉപയോഗിക്കാമെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു

69P(17)-ൽ "............as far as possible" എന്നത് ഒഴിവാക്കുവാൻ കഴിയില്ലേയെന്ന് സമിതി ആരാഞ്ഞതിന് അതൊഴിവാക്കാമെന്നും യൂണിവേഴ്സിറ്റിക്ക് നിലവിൽ ഓട്ടോണമി ഉള്ളതിനാൽ ഓട്ടോണമസ് കോളേജിന്റെ നിർവ്വചനത്തിൽ "a college or the University" എന്നത് "a college or the University Department" എന്നാക്കണമെന്നും വകുപ്പ് സെക്രട്ടറി മറുപടി പറഞ്ഞു.

ചർച്ചയ്ക്കുശേഷം സമിതി താഴെപ്പറയുന്ന ഭേദഗതികളോടെ 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ അംഗീകരിച്ചു.

*Clause 2*

In clause 2, which proposes to amend the Kerala University Act, 1974,—

(1) in clause (1), proposed to be inserted in section 2 of the Act by sub-clause (a)., for the words "a college or University", the words "a college or University department" shall be substituted;

(2) in section 69B proposed to be inserted in the Act, after item (ix), the following items shall be inserted, namely:—

"(x) to frame guidelines for the nomination of expert members to the Academic Council of an Autonomous College from outside the college;

(xi) to give directions to the University and Autonomous Colleges for the effective implementation of the provisions of this Chapter.";

(3) in section 69E proposed to be inserted in the Act, in sub-section (2),—

(a) in clause (c), for the word "Manager", the word "Principal" shall be substituted;

(b) in clause (d), the words "from a panel of six persons in accordance with the guidelines for the purpose framed by the Autonomy Approval Committee" Shall be added at the end;

(4) in section 69F proposed to be inserted in the Act, in item (ii), the words "which shall be in conformity with the rules and criteria for admission specified by the Government, as amended from time to time". shall be added at the end;

(5) in section 69G proposed to be inserted in the Act,—

(a) in sub-section (2), in clause (g), for item (ii), the following item shall be substituted, namely:—

"(ii) other teachers of the college who are experts in the related discipline.";

(b) in sub-section (3), for the words "two years", the words "two academic years" shall be substituted;

(c) to sub-section (3), the following proviso shall be added, namely:—

"Provided that the same person shall not be eligible for nomination beyond a period of four years.";

(6) in section 69H proposed to be inserted in the Act, in item (i), after the second proviso, the following proviso shall be inserted, namely:—

"Provided also that such proposal shall not be against national interest.";

(7) in section 69M proposed to be inserted in the Act, in sub-section (2), after the words "Government College," the words "Unaided College" shall be omitted.

(8) in section 69N proposed to be inserted in the Act, in sub-section (1),—

(a) for the word "Manager", the word "Principal" shall be substituted;

(b) for the words "with experience of not less than two years as the Head of a Department", the words "with experience of not less than two years in a Department" shall be substituted.

(c) in sub-section (4), in clause (d), in the first proviso, for the words "to the extent possible", the words *"mutatis mutandis"* shall be substituted;

(d) sub-section (5) shall be re-numbered as sub-section (6) there of and before sub-section (6) as so re-numbered the following sub-section shall be inserted, namely:—

"(5) The Manual of Examinations shall contain specific provisions for the redressal of grievances of students relating to examinations and assessments in conformity with the relevant regulations made and guidelines issued from time to time by the University and the University Grants Commission.";

(9) in section 69P proposed to be inserted in the Act,—

(a) in sub-section (3),—

(i) in the first proviso, the words "or it is against national interest" shall be added at the end;

(ii) in the second proviso, the words "except where the proposal is against national interest" shall be added at the end;

(b) in sub-section (5), in the proviso, the words "except where the proposal was rejected on the ground that it was against national interest." shall be added at the end;

(c) in sub-section (15), for the figures and brackets "(14)", the figures and brackets "(10)" shall be substituted;

(d) in sub-section (17), for the last sentence, the following sentence shall be substituted, namely:—

"The Autonomous college shall incorporate all the necessary modifications consistent with the remarks of the University in the Manual ." .

*Clause 3*

In clause 3, which proposes to amend the Calicut University Act, 1975,—

(1) in clause (1), proposed to be inserted in section 2 of the Act by sub-clause (a), for the words "a college or University", the words "a college or University department" shall be substituted;

(2) in section 68C proposed to be inserted in the Act, after item (ix), the following items shall be inserted, namely:—

"(x) to frame guidelines for the nomination of expert members to the Academic Council of an Autonomous College from outside the college;

(xi) to give directions to the University and Autonomous Colleges for the effective implementation of the provisions of this Chapter.";

(3) in section 68F proposed to be inserted in the Act, in sub-section (2),—

(a) in clause (c), for the word "Manager", the word "Principal" shall be substituted;

(b) in clause (d), the words "from a panel of six persons in accordance with the guidelines for the purpose framed by the Autonomy Approval Committee" Shall be added at the end;

(4) in section 68G proposed to be inserted in the Act, in item (ii), the words "which shall be in conformity with the rules and criteria for admission specified by the Government, as amended from time to time" shall be added at the end;

(5) in section 68H proposed to be inserted in the Act,—

(a) in sub-section (2), in clause (g), for item (ii), the following item shall be substituted, namely:—

"(ii) other teachers of the college who are experts in the related discipline.";

(b) in sub-section (3), for the words "two years", the words "two academic years" shall be substituted;

(c) to sub-section (3), the following proviso shall be added, namely:—

"Provided that the same person shall not be eligible for nomination beyond a period of four years.";

(6) in section 68I proposed to be inserted in the Act, in item (i), after the second proviso, the following proviso shall be inserted, namely:—

"Provided also that such proposal shall not be against national interest.";

(7) in section 68N proposed to be inserted in the Act, in sub-section (2), after the words "Government College", the words "Unaided College" shall be omitted.

(8) in section 68O proposed to be inserted in the Act, in sub-section (1),—

(a) for the word "Manager", the word "Principal" shall be substituted;

(b) for the words "with experience of not less than two years as the Head of a Department", the words "with experience of not less than two years in a Department" shall be substituted.

(c) in sub-section (4), in clause (d), in the first proviso, for the words "to the extent possible", the words "*mutatis mutandis*" shall be substituted;

(d) sub-section (5) shall be re-numbered as sub-section (6) there of and before sub-section (6) as so re-numbered, the following sub-section shall be inserted, namely:—

"(5) The Manual of Examinations shall contain specific provisions for the redressal of grievances of students relating to examinations and assessments in conformity with the relevant regulations made and guidelines issued from time to time by the University and the University Grants Commission.";

(9) in section 68Q proposed to be inserted in the Act,—

(a) in sub-section (3),—

(i) in the first proviso, the words "or it is against national interest" shall be added at the end;

(ii) in the second proviso, the words "except where the proposal is against national interest" shall be added at the end;

(b) in sub-section (5), in the proviso, the words "except where the proposal was rejected on the ground that it was against national interest." shall be added at the end;

(c) in sub-section (15), for the figures and brackets "(14)", the figures and brackets "(10)" shall be substituted;

(d) in sub-section (17), for the last sentence, the following sentence shall be substituted, namely:—

"The Autonomous college shall incorporate all the necessary modifications consistent with the remarks of the University in the Manual ." .

*Clause 4*

In clause 4, which proposes to amend the Mahatma Gandhi University Act, 1985,—

(1) in clause (1), proposed to be inserted in section 2 of the Act by sub-clause (a), for the words "a college or University", the words "a college or University department" shall be substituted;

(2) in section 104 proposed to be inserted in the Act, after item (ix), the following items shall be inserted, namely:—

"(x) to frame guidelines for the nomination of expert members to the Academic Council of an Autonomous College from outside the college;

(xi) to give directions to the University and Autonomous Colleges for the effective implementation of the provisions of this Chapter.";

(3) in section 107 proposed to be inserted in the Act, in sub-section (2),—

(a) in clause (c), for the word "Manager", the word "Principal" shall be substituted;

(b) in clause (d), the words "from a panel of six persons in accordance with the guidelines for the purpose framed by the Autonomy Approval Committee" Shall be added at the end;

(4) in section 108 proposed to be inserted in the Act, in item (ii), the words "which shall be in conformity with the rules and criteria for admission specified by the Government, as amended from time to time". shall be added at the end;

(5) in section 109 proposed to be inserted in the Act,—

(a) in sub-section (2), in clause (g), for item (ii), the following item shall be substituted, namely:—

"(ii) other teachers of the college who are experts in the related discipline.";

(b) in sub-section (3), for the words "two years", the words "two academic years" shall be substituted;

(c) to sub-section (3), the following proviso shall be added, namely:—

"Provided that the same person shall not be eligible for nomination beyond a period of four years.";

(6) in section 110 proposed to be inserted in the Act, in item (i), after the second proviso, the following proviso shall be inserted, namely:—

"Provided also that such proposal shall not be against national interest.";

(7) in section 115 proposed to be inserted in the Act, in sub-section (2), after the words "Government College", the words "Unaided College" shall be omitted.

(8) in section 116 proposed to be inserted in the Act, in sub-section (1),—

(a) for the word "Manager", the word "Principal" shall be substituted;

(b) for the words "with experience of not less than two years as the Head of a Department", the words "with experience of not less than two years in a Department" shall be substituted;

(c) in sub-section (4), in clause (d), in the first proviso, for the words "to the extent possible," the words *"mutatis mutandis"* shall be substituted;

(d) sub-section (5) shall be re-numbered as sub-section (6) there of and before sub-section (6) as so re-numbered, the following sub-section shall be inserted, namely:—

"(5) The Manual of Examinations shall contain specific provisions for the redressal of grievances of students relating to examinations and assessments in conformity with the relevant regulations made and guidelines issued from time to time by the University and the University Grants Commission.";

(9) in section118 proposed to be inserted in the Act,—

(a) in sub-section (3),—

(i) in the first proviso, the words "or it is against national interest" shall be added at the end;

(ii) in the second proviso, the words "except where the proposal is against national interest" shall be added at the end;

(b) in sub-section (5), in the proviso, the words "except where the proposal was rejected on the ground that it was against national interest." shall be added at the end;

(c) in sub-section (15), for the figures and brackets "(14)", the figures and brackets "(10)" shall be substituted;

(d) in sub-section (17), for the last sentence, the following sentence shall be substituted, namely:—

"The Autonomous college shall incorporate all the necessary modifications consistent with the remarks of the University in the Manual."

*Clause 5*

In clause 5, which proposes to amend the Kannur University Act, 1996,—

(1) in clause (1), proposed to be inserted in section 2 of the Act by sub-clause (a), for the words "a college or University", the words "a college or University department" shall be substituted;

(2) in section 74B proposed to be inserted in the Act, after item (ix), the following items shall be inserted, namely:—

"(x) to frame guidelines for the nomination of expert members to the Academic Council of an Autonomous College from outside the college;

(xi) to give directions to the University and Autonomous Colleges for the effective implementation of the provisions of this Chapter.";

(3) in section 74E proposed to be inserted in the Act, in sub-section (2),—

(a) in clause (c), for the word "Manager", the word "Principal" shall be substituted;

(b) in clause (d), the words "from a panel of six persons in accordance with the guidelines for the purpose framed by the Autonomy Approval Committee" Shall be added at the end;

(4) in section 74F proposed to be inserted in the Act, in item (ii), the words "which shall be in conformity with the rules and criteria for admission specified by the Government, as amended from time to time" shall be added at the end;

(5) in section 74G proposed to be inserted in the Act,—

(a) in sub-section (2), in clause (g), for item (ii), the following item shall be substituted, namely:—

"(ii) other teachers of the college who are experts in the related discipline.";

(b) in sub-section (3), for the words "two years", the words "two academic years" shall be substituted;

(c) to sub-section (3), the following proviso shall be added, namely:—

"Provided that the same person shall not be eligible for nomination beyond a period of four years.";

(6) in section 74H proposed to be inserted in the Act, in item (i), after the second proviso, the following proviso shall be inserted, namely:—

"Provided also that such proposal shall not be against national interest.";

(7) in section 74M proposed to be inserted in the Act, in sub-section (2), after the words "Government College", the words "Unaided College" shall be omitted.

(8) in section 74N proposed to be inserted in the Act, in sub-section (1),—

(a) for the word "Manager", the word "Principal" shall be substituted;

(b) for the words "with experience of not less than two years as the Head of a Department", the words "with experience of not less than two years in a Department" shall be substituted;

(c) in sub-section (4), in clause (d), in the first proviso, for the words "to the extent possible", the words *"mutatis mutandis"* shall be substituted;

(d) sub-section (5) shall be re-numbered as sub-section (6) thereof and before sub-section (6) as so re-numbered, the following sub-section shall be inserted, namely:—

> "(5) The Manual of Examinations shall contain specific provisions for the redressal of grievances of students relating to examinations and assessments in conformity with the relevant regulations made and guidelines issued from time to time by the University and the University Grants Commission.";

(9) in section 74P proposed to be inserted in the Act,—

(a) in sub-section (3),—

(i) in the first proviso, the words "or it is against national interest" shall be added at the end;

(ii) in the second proviso, the words "except where the proposal is against national interest" shall be added at the end;

(b) in sub-section (5), in the proviso, the words "except where the proposal was rejected on the ground that it was against national interest." shall be added at the end;

(c) in sub-section (15), for the figures and brackets "(14)", the figures and brackets "(10)" shall be substituted;

(d) in sub-section (17), for the last sentence, the following sentence shall be substituted, namely:—

"The Autonomous college shall incorporate all the necessary modifications consistent with the remarks of the University in the Manual".

സർവ്വശ്രീ ഡോ. കെ. ടി. ജലീൽ, റ്റി. വി. രാജേഷ്, ഇ. ചന്ദ്രശേഖരൻ എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 2014 ഒക്ടോബർ 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2014 ഒക്ടോബർ 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, എം.എൽ.എ.
3. ശ്രീ. ജോസഫ് വാഴയ്ക്കൻ, എം.എൽ.എ.
4. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.
5. ശ്രീ. എം. ഉമ്മർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എൻ. പ്രേമചന്ദ്രൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ആർ. കുമാർ, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി ശോഭന, എൻ.ഡി., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

3. ശ്രീ. കെ. എൻ. സതീഷ്, ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ.

4. ശ്രീ. പി. എം. തോമസ്, അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

**I. സമിതി താഴെപ്പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.**

ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ് , 2014

(ഫയൽ നമ്പർ 5581/സബ്.സി.ഇ I/2014/നി.സെ.)

(സർക്കാർ കത്ത് നമ്പർ 7007/ജെ2/2012/പൊ.വി.വ. തീയതി 3-9-2014)

**II. സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 'ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം' എന്ന വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ കുറിപ്പ് അംഗീകരിക്കുകയും ചെയ്തു.**

(ഫയൽ നമ്പർ 4907/സബ്.സി.ഇ I/2014/നി.സെ.)

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ താഴെച്ചേർക്കുന്ന കുറിപ്പ് സമിതി പരിഗണിച്ചു:

നടപ്പുവർഷം പുതുതായി അനുവദിച്ച 61 സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്ത് 816 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2818 ബാച്ചുകളിലായി 2,78,400 വിദ്യാർത്ഥികൾ +1, +2 ക്ലാസ്സുകളിലായി പഠിക്കുന്നു. നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്താണ് ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിച്ചത്. ഹയർ സെക്കന്ററി കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഈ സ്കൂളുകളിൽ പൂർണ്ണമായും ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. 1994-ലെ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ടുകൾ പ്രകാരം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളുടെ ചുമതലയിലാണ്. ക്ലാസ്സ് മുറികൾ, ലബോറട്ടറി-ലൈബ്രറി കെട്ടിടങ്ങൾ, ശുചിമുറികൾ, ലാബ് ഉപകരണങ്ങൾ, കളിസ്ഥലം, സ്മാർട്ട് ക്ലാസ്സ് റൂമുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ സർക്കാർ സ്കൂളുകളിലും ഉറപ്പുവരുത്തേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ബഹു. എം.എൽ.എ.മാരുടേയും, എം.പി.മാരുടേയും മണ്ഡല ആസ്തി പുനരുദ്ധാരണ ഫണ്ട് ഉപയോഗിച്ചും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം നടന്നു വരുന്നുണ്ട്. എന്നിരുന്നാലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാർ സ്കൂളുകളിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

## മുൻ വർഷങ്ങളിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

12-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 52.26 കോടി ഉപയോഗിച്ച് 78 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ലബോറട്ടറി മന്ദിരങ്ങൾ നിർമ്മിച്ചു നൽകി. ഇതിനുപുറമേ ഈ സ്കൂളുകളിൽ ലബോറട്ടറി ഉപകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടറുകൾ എന്നിവ നൽകുകയും കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുകയുമുണ്ടായി. 2009-2010 സാമ്പത്തിക വർഷമാണ് ഈ പദ്ധതി പൂർത്തിയാക്കിയത്.

ഇതിനുപുറമേ അടിസ്ഥാന സൗകര്യവികസനത്തിന് പദ്ധതിയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| *സാമ്പത്തിക വർഷം* | *പദ്ധതി വിശദാംശം* | *സ്കൂളുകളുടെ എണ്ണം* | *തുക* |
|---|---|---|---|
| 2010-2011 | ശുചിമുറി നിർമ്മാണം | 113 | 686 ലക്ഷം രൂപ |
| 2011-2012 | ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് | 263 | 260.3 ലക്ഷം രൂപ |
| | ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് | 27 | 16.2 ലക്ഷം രൂപ |
| | കമ്പ്യൂട്ടർ വാങ്ങുന്നതിന് | 27 | 56.5 ലക്ഷം രൂപ |
| | കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നതിന് | 14 | 28 ലക്ഷം രൂപ |
| | ഫർണിച്ചർ വാങ്ങുന്നതിന് | 27 | 81 ലക്ഷം രൂപ |
| | ആകെ | | 442 ലക്ഷം രൂപ |
| 2012-2013 | ശുചിമുറി നിർമ്മാണം | 113 | 837 ലക്ഷം രൂപ |
| | ശുചിമുറി നിർമ്മാണം | 500 | 1279 ലക്ഷം രൂപ |
| | ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് | 200 | 1000 ലക്ഷം രൂപ |
| | കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിന് | 128 | 240 ലക്ഷം രൂപ |
| | ലാബ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് | 212 | 657 ലക്ഷം രൂപ |
| | ആകെ | | 4013 ലക്ഷം രൂപ |
| 2013-2014 | കെട്ടിടനിർമ്മാണം | 39 | 5600 ലക്ഷം രൂപ |

2014-2015 വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ 61 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് താഴെപ്പറയും പ്രകാരം വിനിയോഗിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്:

| *സാമ്പത്തിക വർഷം* | *പദ്ധതി വിശദാംശം* | *സ്കൂളുകളുടെ എണ്ണം* | *തുക* |
|---|---|---|---|
| 2014-2015 | ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് | 401 | 597 ലക്ഷം രൂപ |
| | കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിന് | 147 | 503 ലക്ഷം രൂപ |
| | കെട്ടിടനിർമ്മാണം (9 സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട് 23 സ്കൂളുകൾക്കുള്ള ഭരണാനുമതി സർക്കാർ പരിശോധിച്ചു വരുന്നു.) | 32 | 5000 ലക്ഷം രൂപ |
| | ആകെ | | 6100 ലക്ഷം രൂപ |

2015-2016 സാമ്പത്തിക വർഷം 6800 ലക്ഷം രൂപ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിനായി 6500 ലക്ഷം രൂപയും 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ച ലാബ് ലൈബ്രറി കെട്ടിടങ്ങളുടെ ബാക്കിപ്പണികൾ പൂർത്തീകരിക്കുന്നതിനായി 300 ലക്ഷം രൂപയും ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ നിലവിലെ അടിസ്ഥാന സൗകര്യ അപര്യാപ്തത സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. ലാബ് ഉപകരണങ്ങൾ

2014-2015 വാർഷിക പദ്ധതിയിൽ 401 സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ നൽകുന്നുണ്ട്. പുതുതായി ആരംഭിച്ച 61 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കാണ് ഇനി ലബോറട്ടറി ഉപകരണങ്ങൾ നൽകേണ്ടത്. ഇതിന് ഏകദേശം 244 ലക്ഷം രൂപ ചെലവ് വരും.

2. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും

ആവശ്യമായ എണ്ണം കമ്പ്യൂട്ടറുകൾ ഇല്ലാത്ത 450 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ ഉണ്ട് (പുതുതായി അനുവദിച്ച സ്കൂളുകൾ ഉൾപ്പെടെ). 9000 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യണം. ഏകദേശം 2700 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

3. ശുചിമുറികൾ

ഈ വർഷം പുതുതായി ആരംഭിച്ച സ്കൂളുകൾ ഉൾപ്പെടെ 161 സ്കൂളുകൾക്ക് മാത്രമാണ് ഇനി ശുചിമുറികൾക്കായി തുക അനുവദിക്കേണ്ടത്. 1610 ലക്ഷം രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്നു.

4. സ്കൂൾ കെട്ടിടങ്ങൾ

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ കെട്ടിടനിർമ്മാണം പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ് ഇപ്പോൾ നടന്നു വരുന്നത്. നിർദ്ദിഷ്ട വലിപ്പത്തിലുള്ള ക്ലാസ്സ് മുറികൾ എല്ലാ സ്കൂളുകൾക്കും നൽകാൻ സാധിച്ചിട്ടില്ല. 379 സർക്കാർ സ്കൂളുകളിലേക്ക് 2217 ക്ലാസ്സ് മുറികളും നിർമ്മിച്ച് നൽകേണ്ടതുണ്ട്.

5. കുടിവെള്ള വിതരണം

2010-2011, 2012-2013 വർഷങ്ങളിലായി 371 സ്കൂളുകൾക്ക് കുടിവെള്ള വിതരണത്തിന് ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്. 445 സ്കൂളുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

6. ലൈബ്രറി വികസനം

ലൈബ്രറികൾക്കാവശ്യമായ മുറികൾ നിർമ്മിക്കുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും 105 സ്കൂളുകൾക്ക് മാത്രമാണ് ഹയർ സെക്കന്ററി വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടുള്ളത്. 711 സ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങൾ അപര്യാപ്തമാണ്.

മേൽ സൂചിപ്പിച്ച സൗകര്യങ്ങൾക്ക് പുറമേ ആഡിറ്റോറിയം, സ്മാർട്ട് ക്ലാസ്സ് റൂം, കളിസ്ഥലം, ചുറ്റുമതിൽ തുടങ്ങിയവയും ആവശ്യമാണ്. ഹയർ സെക്കന്ററി സ്കൂളുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള 9 മീറ്റർ x 6 മീറ്റർ x 3.7 മീറ്റർ ഉള്ള ക്ലാസ്സ് മുറികളും 12 മീറ്റർ x 6 മീറ്റർ x 3.7 മീറ്റർ വലിപ്പത്തിലുള്ള ലബോറട്ടറി മുറികളും ലൈബ്രറികളും മിക്ക സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും ആവശ്യാനുസരണം നിർമ്മിച്ച് നൽകാൻ സാധിച്ചിട്ടില്ല. എല്ലാ സ്കൂളുകളിലും അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തിയതിനുശേഷം ഇക്കാര്യങ്ങൾ പരിഗണിക്കുന്നതാണ്.

ചട്ടം 235 എ പ്രകാരം പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന തിന്റെ അടിസ്ഥാനത്തിലാണ് 'ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം' എന്ന വിഷയം തെരഞ്ഞെടുത്തിരിക്കുന്നതെന്നും

പ്രീ-ഡിഗ്രിക്ക പകരം സർക്കാർ തലത്തിലും എയ്ഡഡ് മേഖലയിലും ഹയർ സെക്കന്ററിയിൽ പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾ തുടങ്ങിയപ്പോൾ സ്കൂളുകൾ പലതും അതിനനുസൃതമായി മാറിയെങ്കിലും പല കാര്യങ്ങളും ശൈശവാവസ്ഥയിൽ തന്നെ നിൽക്കുകയാണെന്നും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളിൽ മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും എയ്ഡഡ് മേഖലയിൽ അത്രത്തോളം സാധ്യമായിട്ടില്ലെന്നും സ്കൂൾ കെട്ടിടത്തിന്റെ കാര്യത്തിൽ മാത്രമല്ല ടോയ്ലെറ്റ്, ലബോറട്ടറി, ലൈബ്രറി തുടങ്ങിയ കാര്യങ്ങളിലും അദ്ധ്യാപക-അനദ്ധ്യാപക ഉദ്യോഗസ്ഥരുടെ കാര്യത്തിലും പ്രശ്നങ്ങൾ ഉണ്ടെന്നും സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ അടിസ്ഥാന സൗകര്യ മേഖലയിൽ നടത്തിയിട്ടുള്ള കാര്യങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് യോഗത്തിൽ സമർപ്പിച്ച കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ളതെന്നും അതുമായി ബന്ധപ്പെടുത്തി ഭാവിയിൽ ഈ മേഖല ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നതു സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ സമിതിയുടെ ശിപാർശകളായി സഭയിൽ സമർപ്പിച്ചശേഷം ഗവൺമെന്റിലേക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതു സംബന്ധിച്ച് സമിതി അംഗങ്ങളുടെ അഭിപ്രായങ്ങൾ 15-11-2014-നകം എഴുതി സമർപ്പിക്കാൻ എല്ലാ സമിതി അംഗങ്ങൾക്കും കത്തയയ്ക്കണമെന്നും അംഗങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഒരു യോഗം ചേർന്ന് കരട് റിപ്പോർട്ട് അംഗീകരിച്ച് സഭയിൽ സമർപ്പിക്കാമെന്നും സമിതി അദ്ധ്യക്ഷൻ തുടർന്നറിയിച്ചു.

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കായി ഹയർ സെക്കന്ററി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി സമിതി അംഗങ്ങൾ തയ്യാറാക്കി സമർപ്പിക്കണമെന്നും കേരളത്തിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള വിദ്യാലയങ്ങളുടെ പട്ടിക തയ്യാറാക്കി അതിന്റെ ടാർജറ്റ് കൂടി കണക്കാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2013-14 സാമ്പത്തിക വർഷത്തിൽ 39 സ്കൂളുകൾക്ക് കെട്ടിടങ്ങൾക്കായി 56 കോടി രൂപ അനുവദിച്ചെന്നും ഈ സ്കൂളുകൾ ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലായതുകൊണ്ട് അവർക്കാണ് ഈ തുക നൽകിയതെന്നും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. അവസാനം അനുവദിച്ച ബാച്ച് ഉൾപ്പെടെ എത്ര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾക്കാണ് ആവശ്യത്തിന് കെട്ടിടങ്ങൾ ഇല്ലാത്തത് എന്നതു സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ആകെയുള്ള 379 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കായി 2217 ക്ലാസ് മുറികൾ പണിതു കൊടുക്കണമെന്ന് അദ്ദേഹം മറുപടി നൽകി.

അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പിന്നോക്കം നിൽക്കുന്ന സ്കൂളുകൾക്ക് മുൻഗണന നിശ്ചയിക്കേണ്ടത് അത്യാവശ്യമല്ലേയെന്ന് സമിതി ആരാഞ്ഞതിന് കഴിഞ്ഞവർഷം

മുതലാണ് സ്കൂൾ കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി തുക അനുവദിച്ചുതുടങ്ങിയതെന്നും ഈ വർഷം തുക അനുവദിക്കുമ്പോൾ അതിനായൊരു മാനദണ്ഡം നിശ്ചയിക്കേണ്ടത് അത്യാവശ്യമാണെന്നും ഹയർ സെക്കന്ററി ഡയറക്ടർ മറുപടി നൽകി. 2217 ക്ലാസ് മുറികൾ ആവശ്യമാണെന്ന് പറയുമ്പോൾ ഒരു ക്ലാസ് മുറിയുടെ നിർമ്മാണത്തിനായി ആർ.എം.എസ്.എ. അനുസരിച്ച് 15 ലക്ഷം രൂപ വേണ്ടിവരുമെന്ന് സമിതിയുടെ ചോദ്യത്തിന് ഹയർ സെക്കന്ററി ഡയറക്ടർ മറുപടി നൽകി. കഴിഞ്ഞ വർഷത്തെ കണക്കുപ്രകാരമുള്ള ഈ നിരക്ക് ഈ വർഷം പുതുക്കുമ്പോൾ തുക മതിയാകില്ലെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ അതുകൊണ്ടാണ് കഴിഞ്ഞ തവണ ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ച തുക ഉപയോഗിച്ച് പല പണികളും പൂർത്തീകരിക്കാൻ സാധിക്കാത്തതെന്നും എന്നാൽ ജില്ലാ പഞ്ചായത്തുകൾ അവരുടെ ഫണ്ട് കൂടി ഉൾപ്പെടുത്തി ഈ വർഷം പണി പൂർത്തിയാക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും ഇപ്പോഴത്തെ നിരക്ക് അനുസരിച്ച് പുതിയ വർഷത്തെ പണി പി.ഡബ്ല്യു.ഡി.ക്ക് കൊടുക്കുന്നതായിരിക്കും നല്ലതെന്നും അത് തീരുമാനിക്കേണ്ടത് ജില്ലാ പഞ്ചായത്ത് അധികൃതരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെട്ടിടങ്ങളുടെ പണി എത്ര വർഷംകൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് സമിതി പരിശോധിക്കുകയും ഓരോ വർഷവും ഹയർ സെക്കന്ററി കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക അനുവദിക്കാറുണ്ടെന്നും അനുവദിച്ച തുകയ്ക്കുള്ളിൽ ഒതുങ്ങുന്ന രീതിയിലുള്ള കെട്ടിടങ്ങളാണ് അത്യാവശ്യമുള്ള സ്കൂളുകൾക്ക് ഓരോ വർഷവും മുൻഗണന നിശ്ചയിച്ച് നിർമ്മിക്കുന്നതെന്നും ഓരോ വർഷവും ഘട്ടംഘട്ടമായി നടത്തുന്ന ഈ നിർമ്മാണ പ്രവൃത്തികൾക്ക് എം.എൽ.എ./എം.പി. ഫണ്ടും ഉപയോഗിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തി. എം.എൽ.എ./എം.പി. ഫണ്ടും ഉപയോഗിക്കുന്നതുകൊണ്ട് പല സ്കൂളുകൾക്കും ഇപ്പോൾ കെട്ടിടങ്ങൾ ഉണ്ടെന്ന് ഹയർ സെക്കന്ററി ഡയറക്ടർ അറിയിച്ചു

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾ താരതമ്യേന ഉന്നത നിലവാരമുള്ളവയായതിനാൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ സിലബസ്സുകളിൽ പത്താം തരംവരെ പഠിച്ചശേഷം കുട്ടികൾ ഫസ്റ്റ് ഓപ്ഷൻ കൊടുക്കുന്നത് ഗവൺമെന്റ് സ്കൂളുകളിലാണെന്നും അതിനു ശേഷം മാത്രമെ മാനേജ്മെന്റ്-അൺ എയ്ഡഡ് സ്കൂളുകളിൽ ഓപ്ഷൻ കൊടുക്കാറുള്ളൂ എന്നതിനാൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവാരമുള്ള കുട്ടികൾ വരികയും നല്ല റിസൾട്ട് ഉണ്ടാകുകയും ചെയ്യുന്നുണ്ടെങ്കിലും അദ്ധ്യാപകരെ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയമിക്കുന്നത് എന്നത് വലിയൊരു പരിമിതിയായി ഇപ്പോഴും നിലനിൽക്കുകയാണ് എന്ന് സമിതി വിലയിരുത്തി.

പുതുതായി അനുവദിച്ച സ്കൂളുകളിൽ മാത്രമാണ് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന അദ്ധ്യാപകരുള്ളതെന്നും മറ്റ് സ്കൂളുകളിലൊക്കെ ബിരുദാനന്തര ബിരുദം

കഴിഞ്ഞ ഉന്നത നിലവാരം ഉള്ള അദ്ധ്യാപകരാണുള്ളതെന്നും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ബാച്ചുകൾക്കും 2011-ൽ ഈ ഗവൺമെന്റ് അനുവദിച്ച അധിക ബാച്ചുകൾക്കും തസ്തിക സൃഷ്ടിച്ചുവെന്നും ഇനിയുള്ള 100 സ്കൂളുകളിലും ഈ വർഷം അനുവദിച്ച അധിക ബാച്ചുകളിലുമാണ് കോൺട്രാക്ട് അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിരിക്കുന്നതെന്നും ഇപ്പോൾ സി.ബി.എസ്.സി. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾക്ക് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് വരുന്നതിനാലും ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നുണ്ട് എന്നും സമിതി ചെയർമാൻ വിശദീകരിച്ചു.

നഗരാതിർത്തികൾ അല്ലാത്ത സ്ഥലങ്ങളിൽ റോഡുകൾക്കു വേണ്ടിയാണ് എം.എൽ.എ. ഫണ്ട് കൂടുതലായി ഉപയോഗിക്കുന്നതെന്നും അതുകൊണ്ട് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയും അവിടെ പഠിക്കുന്ന കുട്ടികളുടെ എണ്ണവും കണക്കിലെടുത്ത് സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിനുള്ള സർക്കാർ വിഹിതം വർദ്ധിപ്പിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. പല സ്കൂളുകളിലും ലാബിന്റെയും കമ്പ്യൂട്ടർ ലാബിന്റെയും അപര്യാപ്തതയുണ്ടെന്നും ഇക്കാര്യം വളരെ ഗൗരവമായി കണക്കിലെടുക്കണമെന്നും സമിതി വിലയിരുത്തി.

നടപ്പുസാമ്പത്തിക വർഷം 401 സ്കൂളുകളിൽ ലാബ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിനായി അപേക്ഷ നൽകിയ എട്ട് സ്കൂളുകളിൽ ബാച്ച് കൂടുതലുള്ള സ്കൂളുകൾക്ക് ഒന്നര ലക്ഷം രൂപ വീതവും ഒരു ബാച്ച് മാത്രമുള്ള സ്കൂളുകൾക്ക് ഒരു ലക്ഷം രൂപ വീതവും നൽകാൻ സാധിക്കുമെന്നും ഹയർ സെക്കന്ററി ഡയറക്ടർ അറിയിച്ചു. ലാബുകൾക്കായി കെട്ടിടം നിർമ്മിച്ചു നൽകേണ്ടിവരില്ലെന്നും അതിനു പര്യാപ്തമായ കെട്ടിടമുള്ള സ്കൂളുകൾക്കാണ് ലാബിനുവേണ്ടി തുക നൽകുന്നതെന്നും ഈ ഇനത്തിൽ 597 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ക്ലാസ് മുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ, ടോയ്ലെറ്റുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദമായ കണക്ക് ശേഖരിച്ചാൽ വകുപ്പിനു ലഭിക്കുന്ന ഫണ്ട് ഏതു രീതിയിൽ വീതിച്ചുകൊടുക്കാമെന്ന് തീരുമാനിക്കുവാനും നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.മാർക്ക് ഫണ്ട് വിനിയോഗിക്കുവാനും സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച് 2012-ൽ തയ്യാറാക്കിയ ലിസ്റ്റാണ് ഇപ്പോഴുള്ളതെന്നും അത് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെന്നും വകുപ്പ് ഡയറക്ടർ അറിയിച്ചു.

ഈ അദ്ധ്യയന വർഷം തീരുന്നതിനുമുമ്പ് നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലിസ്റ്റ് അപ്ഡേറ്റ് ചെയ്ത് അതിന്റെ പകർപ്പ് എം.എൽ.എ.മാർക്ക് വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ച സമിതി ഇപ്രകാരമുള്ള ലിസ്റ്റ്

മുൻഗണനാക്രമത്തിൽ ഫണ്ട് വിനിയോഗിക്കുവാൻ എം.എൽ.എ.-മാർക്ക് സഹായകമാകുമെന്നും അഭിപ്രായപ്പെട്ടു. ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ കുറവ് പരിഹരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഹയർ സെക്കന്ററി സ്കൂളുകളിലെ കുട്ടികൾക്ക് കായിക വിദ്യാഭ്യാസം ലഭിക്കാത്തതിനാൽ അവർക്ക് ശരിയായ പരിശീലനം ലഭിക്കുന്നില്ലെന്നും അതുകൊണ്ട് ഹയർ സെക്കന്ററി തലത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോഴ്സ് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തി. ഇതു സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണമെന്നും ഇന്നത്തെ സാഹചര്യത്തിൽ ഹയർ സെക്കന്ററി മേഖല ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ലബ്ബ കമ്മിറ്റി റിപ്പോർട്ടിൽ ഈ മേഖല ശാക്തീകരിക്കുന്നതിനാവശ്യമായ കാര്യങ്ങളെപ്പറ്റിയും പ്രിൻസിപ്പാളിനെ അദ്ധ്യാപകേതര ജീവനക്കാരനാക്കണമെന്നതിനെപ്പറ്റിയും വളരെ വ്യക്തമായി പറയുന്നുണ്ടെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചു. ലബ്ബ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കി വരുന്നതേയുള്ളൂ. എന്നതിനാൽ ശിപാർശകൾ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

യുവജനോത്സവങ്ങൾ നടത്തുവാൻ സബ് ജില്ലാ തലത്തിൽ ഭീമമായ ചെലവാണ് ഉണ്ടാകുന്നതെന്നും ചുരുങ്ങിയത് പത്തു ലക്ഷം രൂപയെങ്കിലും ചെലവാകുന്നുണ്ടെന്നും ഇത്രയും വലിയ തുക പിരിച്ചെടുക്കുക എന്നത് വലിയൊരു പ്രശ്നമാണെന്നും സമിതി ചൂണ്ടിക്കാട്ടി. ഹയർ സെക്കന്ററി സ്കൂളുകളിലെ 7 ലക്ഷത്തോളം വരുന്ന കുട്ടികളിൽനിന്ന് 100 രൂപ വീതം സ്പെഷ്യൽ ഫീസായി പിരിച്ച് അത് പൂർണ്ണമായി യുവജനോത്സവത്തിനായി വിനിയോഗിക്കുന്നുണ്ടെന്നും വീണ്ടും കുട്ടികളിൽനിന്നും ഫീസ് പിരിക്കേണ്ടി വരുമ്പോൾ രക്ഷകർത്താക്കളുടെ ഭാഗത്തുനിന്നും ശക്തമായ എതിർപ്പുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

സബ് ജില്ലാ കലോത്സവങ്ങൾക്കായി ഡിപ്പാർട്ട്മെന്റിൽ നിന്നും 18.5 ലക്ഷം രൂപയാണ് നൽകുന്നത് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയുടെ ചോദ്യത്തിന് മറുപടി നൽകി. ഒരു സബ് ജില്ലയിൽ പരമാവധി കുട്ടികളുടെ എണ്ണം പതിനായിരത്തിൽ താഴെ ആയിരിക്കുമെന്നും അങ്ങനെ വരുമ്പോൾ ശരാശരി രണ്ട് ലക്ഷം രൂപയ്ക്ക് താഴെ മാത്രമേ അവർക്ക് ലഭിക്കുകയുള്ളൂവെന്നും അഞ്ച് പഞ്ചായത്തുകളുള്ള ഒരു സബ് ജില്ലയാണെങ്കിൽ മിക്കവാറും നാല് വർഷം കൂടുന്തോറും യൂത്ത് ഫെസ്റ്റിവൽ നടത്തേണ്ടി വരുമെന്നും അപ്പോൾ ബാക്കി എട്ട് ലക്ഷത്തോളം രൂപ യുവജനോത്സവ കമ്മിറ്റി കണ്ടെത്തേണ്ടി വരുമെന്നത് വലിയൊരു പ്രശ്നമാണെന്നും സമിതി വിലയിരുത്തി. കേരളത്തിന് അഭിമാനിക്കാൻ വകനൽകുന്ന വലിയൊരു കലോത്സവമെന്ന നിലയിൽ യുവജനോത്സവത്തിന് ചെലവാകുന്ന തുകയുടെ അൻപത് ശതമാനമെങ്കിലും ഗവൺമെന്റ്

വഹിക്കുവാൻ തയ്യാറാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു. കലോത്സവങ്ങളിൽ ഭക്ഷണം കൊടുക്കുന്നത് ഒഴിവാക്കിയാൽ ചെലവ് വളരെ കുറയ്ക്കാൻ സാധിക്കുമെന്നും വിദ്യാരംഗം പോലുള്ള പരിപാടികൾ പ്രത്യേകമായി നടത്തേണ്ടതില്ലെന്നും കലോത്സവങ്ങളുടെ ചെലവ് വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ അദ്ധ്യാപക വിദ്യാർത്ഥി സംഘടനകളെ വിളിച്ചുവരുത്തി ഈ വിഷയം ചർച്ച ചെയ്യേണ്ടത് അത്യാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സബ് ജില്ലാ കലോത്സവങ്ങൾക്കായി മിക്കവാറും എല്ലാ ജില്ലകളിൽനിന്നും പൊതുജനങ്ങളുടെ സഹകരണം ലഭിക്കാറുണ്ടെന്നും ഇതു സംബന്ധിച്ച് ഒരു യോഗം വിളിച്ചുചേർത്ത് വിശദമായി ചർച്ച ചെയ്യാവുന്നതാണെന്നും സമിതി അദ്ധ്യക്ഷൻ അറിയിച്ചു.

കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി വൻകിട കമ്പനികൾ ബാങ്കുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടർ സ്പോൺസർ ചെയ്യുന്ന സമ്പ്രദായമുള്ളതായി സമിതി നിരീക്ഷിച്ചു. ഇത്തരത്തിൽ വിദ്യാഭ്യാസ വകുപ്പിന് വൻകിട കമ്പനികളുടെ കോമൺഗുഡ് ഫണ്ടിൽനിന്നും സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ നൽകുന്നതിന് സ്പോൺസർഷിപ്പ് ഏർപ്പെടുത്തുവാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. എല്ലാ സർക്കാർ സ്കൂളുകളിലേക്കുമായി 9000 കമ്പ്യൂട്ടറുകൾ ആവശ്യമുണ്ടെന്നും അതിനായി ഐ.ബി.എം. പോലുള്ള വൻകിട കമ്പനികളുമായി ഇക്കാര്യം ചർച്ച ചെയ്യാവുന്നതാണെന്നും ഹയർ സെക്കന്ററി ഡയറക്ടർ സമിതിയെ അറിയിച്ചു.

സർക്കാർ ഹയർ സെക്കന്ററി മേഖല ശാക്തീകരിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സമിതി അംഗങ്ങളുടെ പൊതുവായ അഭിപ്രായം 2014 നവംബർ 15-ാം തീയതിക്കുമുമ്പായി എഴുതി സമർപ്പിക്കണമെന്ന് കാണിച്ച് എല്ലാ സമിതി അംഗങ്ങൾക്കും കത്തയയ്ക്കുവാൻ സമിതി നിർദ്ദേശിച്ചു.

വൈകുന്നേരം 4. മണിക്ക് യോഗം പിരിഞ്ഞു.

## 2014 ഡിസംബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2014 ഡിസംബർ 4-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞശേഷം വൈകുന്നേരം 6.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.
2. ഡോ. കെ. ടി. ജലീൽ, ,,
3. ,, എൻ. ജയരാജ്, ,,

4. ശ്രീ. ജോസഫ് വാഴയ്ക്കൻ, എം. എൽ. എ.

5. ,, റ്റി. വി. രാജേഷ് , ,,

6. ,, ഷാഫി പറമ്പിൽ, ,,

7. ,, എം. ഉമ്മർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.

2. ,, എൻ. പ്രേമചന്ദ്രൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.

3. ,, ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എസ്. അജികുമാരൻ, സ്പെഷ്യൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

2. ശ്രീ. എം. ഷെരിഫ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

3. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീ. വി. എ. മോഹൻലാൽ, ജോയിന്റ് സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്

5. ഡോ. എം. റ്റി. റജ്ജു, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), ഉന്നത വിദ്യാഭ്യാസം.

**I. സമിതി 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:**

ഖണ്ഡം 3

(1)-ാം ഉപഖണ്ഡത്തിൽ "സംസ്ഥാന ലൈബ്രറി കൗൺസിൽ" എന്ന വാക്കുകൾക്ക് പകരം "കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ"എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2)-ാം ഉപഖണ്ഡത്തിൽ "സംസ്ഥാന ലൈബ്രറി കൗൺസിലിന് " എന്ന വാക്കുകൾക്ക് പകരം "കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 4

(2)-ാം ഉപഖണ്ഡത്തിലെ (എ) ഇനത്തിൽ "സംസ്ഥാന ലൈബ്രറി കൗൺസിൽ" എന്ന വാക്കുകൾക്ക് പകരം "കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

സർവ്വശ്രീ റ്റി. വി. രാജേഷ്, ഇ. ചന്ദ്രശേഖരൻ, ഡോ. കെ. ടി. ജലീൽ എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

ലൈബ്രറി കൗൺസിലുകളുടേയും ലൈബ്രറികളുടേയും പ്രവർത്തനം നിയമസഭാ ചട്ടം 235.എ പ്രകാരം പരിഗണിക്കണമെന്ന് സമിതി തീരുമാനിച്ചു.

**II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)-ലെ താഴെപ്പറയുന്ന ശിപാർശകളിൽ ലഭിച്ച താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

(ഫയൽ നമ്പർ 2648/സബ്സി.ഇ 1/13/നി.സെ.)

<u>ഉന്നത വിദ്യാഭ്യാസ വകുപ്പ്</u>

ഖണ്ഡിക നമ്പർ 23, 39, 40, 60, 61

(സർക്കാർ കത്ത് നമ്പർ 24094/എൽ1/13/ഉ.വി.വ. തീയതി 22-7-2014)

ഖണ്ഡിക നമ്പർ 38, 41, 42

(സർക്കാർ കത്ത് നമ്പർ 24093/ജെ3/13/ഉ.വി.വ. തീയതി 4-7-2014)

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി ഐ.എച്ച്.ആർ.ഡി., രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ, Additional skill Acquisition programme എന്നിവ സമിതി ചർച്ച ചെയ്തു.

<u>ശാസ്ത്ര സാങ്കേതിക വകുപ്പ്</u>

ഖണ്ഡിക നമ്പർ 64, 65

(സർക്കാർ കത്ത് നമ്പർ 1466/എ 4/13/ശാ.സാ.വ. തീയതി 1-7-2014)

<u>സാംസ്കാരിക കാര്യ വകുപ്പ്</u>

ഖണ്ഡിക നമ്പർ 85, 95

(സർക്കാർ കത്ത് നമ്പർ 5519/സി3/13/സാം.കാ.വ. തീയതി 27-6-2014)

ഖണ്ഡിക നമ്പർ 92, 96

(സർക്കാർ കത്ത് നമ്പർ 6002/സി1/13/സാം.കാ.വ. തീയതി 12-8-2014)

**III. എറണാകുളത്തും കോഴിക്കോട്ടും സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന 20-11-2007-ലെ യോഗ നിർദ്ദേശത്തിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയ അന്തിമ മറുപടി സമിതി അംഗീകരിച്ചു.**

(ഫയൽ നമ്പർ 12607/സബ്.സി.ഇ 1/08/നി.സെ.)

(സർക്കാർ കത്ത് നമ്പർ 14473/എൽ1/14/ഉ.വി.വ. തീയതി 31-7-2014)

**IV. 2013-14 സാമ്പത്തിക വർഷം പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.**

(ഫയൽ നമ്പർ 5510/സബ്.സി.ഇ 1/12/നി.സെ.)

സമിതി രാത്രി 7.30-ന് യോഗം പിരിഞ്ഞു.